ബോംബെ ദിവ്യകാരുണ്യകോൺഗ്രസിന്നു ഉപയോഗിച്ചമോഡൽ

സേഫ്, സ്കൂട്ടർ, സി. ഹാസനം, സപ്ലൻനിറത്തിലും, Stainless steel [ക്രോമിയം] നിറത്തിലും, വെള്ള ഇനാമൽ നിറത്തിലും, പല വലുപ്പത്തിൽ ഖണി തീ്ത്തുകിട്ടുന്നതിനു്

A. N. T. JOSEPH METAL WORKS
PHONE 6 VALAPAD

Reg: No. K. 81

തൊഴിലാളി

Founder: Father Vadakkan : : Managing Editor B. Wellington B. A.

'തൊഴിലാളി' വരിസംഖ്യ നിരക്കു്

	ഇന്ത്യയിൽ	വിദേശത്തു്
ഒരു കൊല്ലത്തേയ്ക്കു്	27_00	6_00
6 മാസത്തേയ്ക്കു്	13_50	3_00
1 മാസത്തേയ്ക്കു്	2_25	1_50
ഏജന്റുമാർവഴി ഒരു മാസത്തേയ്ക്കു് വരിസംഖ്യയ്ക്കുപുറമെ അധികം		2_10
ഒറ്റപ്രതി	0_07	0_10

മാനേജർ.

മുന്നകം 12 | ലക്കം 131 | 1965 മേയ് 19 ബുധൻ തൃശൂർ | വില 7 പൈസ | പേജ് 4

ശാസ്ത്രിയുടെ സന്ദർശനം ഒരു വമ്പിച്ച നേട്ടം

റഷ്യൻ കേന്ദ്രങ്ങളിലെ അഭിപ്രായഗതി

ശാസ്ത്രിയുടെ സന്ദർശനാവസരം വിനിയോഗിച്ചു് ഒരു റഷ്യൻ തൊഴിലാളി കോസിജിനു് മെമ്മോറാണ്ടം നൽകി

(പി. ടി. ഐ) ലെനിൻഗ്രാഡ്, മെയ് 18

ഇന്ത്യൻ പ്രധാനമന്ത്രി ശാസ്ത്രി സോവ്യറ്റ് പ്രൈം മിനിസ്റ്റർ കോസിജിനുമൊത്തു് ഇന്നലെ ലെനിൻഗ്രാഡ് നഗരത്തിൽ ഒരു കാഴ്ച കാണൽ പര്യടനം നടത്തുകയുണ്ടായി.

ഭീമാകാരമായ ടർബൈനുകൾ നിർമ്മിക്കുന്ന ഒരു വ്യവസായശാലയും 1917-ൽ ഒക്ടോബർ വിപ്ലവത്തിനു ശേഷം ലെനിൻ അധികാരപ്രഖ്യാപനം നടത്തിയ സ്മോൾനി എന്ന സ്ഥലവും ശാസ്ത്രി സന്ദർശിച്ചു. അതിനുശേഷം നേവാനദിയുടെ അടിയിൽകൂടി നിർമ്മിച്ചിട്ടുള്ള അണ്ടർഗ്രൗണ്ടു് റെയിൽവേയിൽ ശാസ്ത്രി സഞ്ചരിച്ചു.

വ്യവസായശാലയിൽവച്ചു് സോവ്യറ്റ് തൊഴിലാളികളും പരിശീലനം നേടുന്ന ഇന്ത്യാക്കാരും ശാസ്ത്രിക്കു പുഷ്പമഞ്ജരികളും നൽകി അഭിവാദ്യം ചെയ്തു.

ടർബൈനുകൾ നിർമ്മിക്കുന്ന ലോകത്തിലെ ഏറ്റവും വലിയ വ്യവസായശാലയാണിതെന്നു് അതിന്റെ ഡയറക്ടറായ മി. ഗ്രുസ്ദേവ് ശാസ്ത്രിയെ അറിയിച്ചു. കയ്യൂണിസമെന്ന പാഞ്ഞാൽ സോവ്യറ്റ് അധികാരവും വൈദ്യുതശക്തിയും കൂടിച്ചേർന്നതാണെന്ന ലെനിന്റെ നിർദ്ദേശത്തെ ഈ വ്യവസായശാല പ്രവൃത്തിപഥത്തിലാക്കുകയാണെന്നു് അദ്ദേഹം തുടർന്നു പറഞ്ഞു.

ടണ്ണലിൽ കയറി

ഉത്തരപ്രദേശിലെ വിദ്യുച്ഛക്തിസ്റ്റേഷനുവേണ്ടി നിർമ്മിക്കുന്ന 50000 കിലോവാട്സ് ശക്തിയുള്ള ഒരു ടർബൈൻ കാണുകയുണ്ടായി.

തൊഴിലാളികൾക്കിടയിൽ

ശാസ്ത്രി ഇവിടത്തെ തൊഴിലാളികളെ കണ്ടു് അവരുടെ ജോലിയെപ്പറ്റി അന്വേഷിച്ചു. 1851-ൽ സ്ഥാപിക്കപ്പെട്ടതാണു് ഈ വ്യവസായശാല. ഒരു സോവ്യറ്റ് തൊഴിലാളി ജോലിവ്യവസ്ഥകളും കൂടുതൽ മെച്ചപ്പെടുത്തുന്നതുസംബന്ധിച്ച ചില നിർദ്ദേശങ്ങളടങ്ങിയ ഒരു കത്തു് സോവ്യറ്റ് പ്രധാനമന്ത്രിക്കു് നൽകി. അതേപ്പറ്റി ശ്രദ്ധിക്കാമെന്നു് കോസിജിൻ പറഞ്ഞു.

പിന്നീടു് ശാസ്ത്രി കോസിജിനുമൊത്തു് സ്മോൾനി എന്ന സ്ഥലത്തേക്കു പോയി. ഇവിടെവെച്ചാണു് 1917-ൽ ഒക്ടോബർ വിപ്ലവത്തിനുശേഷം ലെനിൻ തന്റെ സോവ്യറ്റ് അധികാരപ്രഖ്യാപനം നടത്തിയതു്. ലെനിൻ ഈ ചടങ്ങു നടത്തിയ മുറിയിൽ ശാസ്ത്രി അല്പനേരം ഇരുന്നു. ലെനിന്റെ ഓഫീസും തൊട്ടടുത്തുള്ള താമസമുറിയും അദ്ദേഹം കണ്ടു.

പിന്നീടു് ശാസ്ത്രി ലെനിൻഗ്രാഡ് മേയർ നൽകിയ ഒരു ലഞ്ചിൽ പങ്കെടുത്തു.

കോസിജിൻ പിരിഞ്ഞു

ലെനിൻഗ്രാഡ് നഗരത്തിൽ നടത്തിയ ഈ കാഴ്ചകാണൽ പര്യടനത്തിനുശേഷം സോവ്യറ്റ് പ്രധാനമന്ത്രി കോസിജിൻയാത്രപറഞ്ഞു പിരിഞ്ഞതു മറ്റൊരു രാഷ്ട്രത്തിലെ പ്രധാനമന്ത്രിയെ:ഇങ്ങു സോവ്യറ്റ് പ്രൈം മന്ത്രി നടത്തിയ ഈ പര്യടനം ശാസ്ത്രിയും കോസിജിനും തമ്മിൽ സ്ഥാപിക്കപ്പെട്ട പരസ്പരധാരണയുടേയും സൗഹൃദബന്ധത്തിന്റേയും ഒരു സമഗ്രചിത്രമാണെന്നു കരുതപ്പെടുന്നു.

ഒരു സോവ്യറ്റ് നിരീക്ഷകൻ പറഞ്ഞു; 'നമ്മുടെ ജനതകൾ തമ്മിൽ മഹത്തായ സൗഹാർദ്ദവും സഹകരണവും സൃഷ്ടിക്കുന്നതിൽ ഈ സന്ദർശനം തികച്ചും വിജയിച്ചിട്ടുണ്ടു്. കോസിജിൻ ശാസ്ത്രിയെ അകമ്പടി സേവിച്ചതു് ഇതിനു മതീയായ തെളിവാണു്.'

ബോംബേയ് തീയേറ്ററിലെ ബാലേ നൃത്തപ്രകടനത്തിനിടയിലും മോസ്കോയിൽനിന്നും ലെനിൻഗ്രാഡിലേയ്ക്കുള്ള തീവണ്ടിയാത്രാവേളയിലും ശാസ്ത്രിയും കോസിജിനും തമ്മിൽ നടന്ന അനൗപചാരികചർച്ചകളും ഉദ്യോഗസ്ഥന്മാരുടെ സാന്നിദ്ധ്യത്തിൽ നടന്ന ഔപചാരികചർച്ചകളേക്കാളും ഫലവത്താണെന്നു് കരുതപ്പെടുന്നു.

നിസ്വാർത്ഥത

ശാസ്ത്രിയുടെ ലാളിത്യവും, ആത്മാർത്ഥതയും നിസ്വാർത്ഥമായ പെരുമാറ്റവും സോവ്യറ്റ് നേതാക്കളിലും ജനങ്ങളിലും വളരെ മതിപ്പുണ്ടാക്കിയെന്നാണു് നിരീക്ഷകരുടെ അഭിപ്രായം. വെറും രൂക്ഷീകരണമായ ഒരു വിജയമെന്നതിനേക്കാൾ വമ്പിച്ച ഒരു നേട്ടമാണിതു്. നിസ്വാർത്ഥതയുടെ മൂർത്തീഭാവമായ ഇന്ത്യൻ ഗാർഹസ്ഥ്യജീവിതസിദ്ധാന്തങ്ങളുടെ ഒരു ചെറിയ പ്രതിഫലനം അവർ ശാസ്ത്രിയിൽ ദർശിച്ച ഗാന്ധിജിയുടേയും നെഹറുവിന്റേയും, ഒരു യഥാർത്ഥപിൻഗാമിയാണു് ശാസ്ത്രിയെന്നു് ഒരു നിരീക്ഷകൻ പറഞ്ഞു.

മിസ്സിസ് ശാസ്ത്രിയും തികച്ചും ഒരു കുടുംബിനിതന്നെ പെരുമാറ്റരംഗവഴി സോവ്യറ്റ് വനിതകളേയും കുട്ടികളേയും ആകർഷിച്ചു. ഇന്നലെ അവർ ഒരു കുട്ടിയെ ആശ്ലേഷിക്കുന്നതുകണ്ട ഒരു സോവ്യറ്റ് ഉദ്യോഗസ്ഥൻ പറഞ്ഞു: സ്വന്തം കൊച്ചുമകളേപ്പോലെ അവർ ആകുട്ടിയെ പൊക്കിയെടുത്തു.'

ശാസ്ത്രി കീവിൽ

ലെനിൻഗ്രാഡ് സന്ദർശനത്തിനുശേഷം ശാസ്ത്രി ഉക്രെയിനിന്റെ തലസ്ഥാനമായ കീവിലെത്തി. സൗന്ദര്യധാമങ്ങളായ പൈൻകൊടികാടും അവരുടെടേൗയ വേഷഭൂഷാദികളുണിഞ്ഞ് ശാസ്ത്രിക്കു പുറം തടിച്ചുകൂടി. അവരുടെ പുഷ്പമഞ്ജരി സമർപ്പണം ശാസ്ത്രിയെ ശ്വാസം മുട്ടിച്ചു. ശാസ്ത്രി കീവിൽ ഒരു ദിവസം ചിലവഴിച്ചു.

താസ്ക്കണ്ടിലേയ്ക്കു്

കീവിൽനിന്നും പ്രധാനമന്ത്രി ശാസ്ത്രി താസ്ക്കണ്ടിലേയ്ക്കു് പുറപ്പെട്ടതായി സോവ്യറ്റ് വാർത്താ ഏജൻസി ടാസ്സ് ഇന്നു റിപ്പോർട്ടുചെയ്തു.

.....o.....

ഇന്ത്യക്കുള്ള സോവ്യറ്റ് സഹായത്തെപ്പറ്റി മേത്ത

(പി ടി ഐ) ന്യൂഡൽഹി, മേ. 18

ഉരുക്കു്, കൽക്കരി, പെട്രോളിയം, വളം, ഹൈഡ്രോ തെർമൽ പവർ എന്നീ രംഗത്തെ വികസനത്തിന്നായി ഇന്ത്യയെ വീണ്ടും സഹായിക്കുന്നതിനു സോവ്യറ്റ് യൂണിയൻ സന്നദ്ധത പ്രകടിപ്പിച്ചിരിക്കുന്നതായി പ്ലാനിംഗ് കമ്മീഷൻ ഡെപ്യൂട്ടി ചെയർമാൻ മി. അശോക് മേത്ത പ്രസ്താവിച്ചിരിക്കുന്നു.

റഷ്യൻ സന്ദർശനത്തിനുശേഷം ഇവിടെ മടങ്ങിയെത്തിയ മി. മേത്ത പത്രലേഖകരുമായി സംഭാഷണം നടത്തുകയായിരുന്നു.

റഷ്യ താല്പര്യം കാണിച്ച വിവിധപ്രധതികളുടെ ഒരു പട്ടിക മി. മേത്ത വിവരിക്കുകയുണ്ടായി. സാങ്കേതിക സഹായവും വിവിധവ്യവസായങ്ങളിലേക്കുള്ള ഇന്ത്യക്കാർക്കുള്ള പരിശീലനവും റഷ്യൻ സഹായത്തിൽ ഉൾപ്പെടുമെന്നു് പ്രതീക്ഷിക്കുന്നു.

ഈ പദ്ധതികളെ സംബന്ധിച്ചു് വിശദചർച്ചകൾക്കായി സോവ്യറ്റ് വിദഗ്ധന്മാർ ഇന്ത്യ സന്ദർശിക്കുന്നതായിരിക്കും. പിന്നീടു് ആവശ്യമായ കരാറുകളിലെത്തിച്ചേരുമെന്നും മി. മേത്ത പറഞ്ഞു.

റഷ്യൻ സഹായത്തോടെ ഇന്ത്യയിൽ നടത്തപ്പെടുന്ന നിലവിലുള്ള ചില പദ്ധതികളെ വികസിപ്പിക്കുന്നതിൽ റഷ്യൻ സാങ്കേതികവിദഗ്ധർ പങ്കെടുക്കുന്നതിനും ഇരുരാജ്യങ്ങളും തമ്മിൽ ധാരണയായിട്ടുണ്ടു്.

ഭിലായ് ഉരുക്കുനിർമ്മാണശാലയിലെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനു് സഹായം നൽകുന്നതിനും പൂരകമായ നിർദ്ദിഷ്ട ബൊക്കാറൊ സ്റ്റീൽ പ്ലാന്റിന്റെ വികസനത്തിൽ സഹകരിക്കുന്നതിനും റഷ്യ സമ്മതിച്ചിട്ടുണ്ടെന്നും മി. മേത്ത പറഞ്ഞു.

2 ഉരുക്കു് പദ്ധതികൂടി ആവശ്യമായി വരുന്ന കോക്കിംഗ് കൽക്കരിയുടെ ഉൽപാദനത്തിനു് സാമ്പത്തികമായും മാനുഷികമായും റഷ്യ സഹകരിക്കും. 20 കോടി ടൺ ഹൈഡ്രോജൻ ഉല്പാദിപ്പിക്കുന്നതിനുള്ള സാധ്യതയുള്ള ഒരു ഫെർട്ടിലൈസർ പ്ലാൻറ് സ്ഥാപിക്കുന്നതിലും റഷ്യക്കു് താല്പര്യമുള്ളതായി മി. മേത്ത പറഞ്ഞു. ഒരു ലക്ഷം ടൺ ഉല്പാദനശേഷിയുള്ള ഒരു അലൂമിനിയം സ്മെൽറ്ററിംഗ് പ്ലാന്റിന്റെ സ്ഥാപനത്തെപ്പറ്റിയും ചർച്ചചെയ്യപ്പെടുകയുണ്ടായി.

ഖനനം തുടങ്ങിയ മേഘലയിലും റഷ്യൻ സഹായം പ്രതീക്ഷിക്കുന്നുണ്ടു്.

.....o.....

സോഷ്യലിസത്തിന്റെപേരിൽ എല്ലാം ഗവണ്മെണ്ടു് സ്വന്തമാക്കരുതെന്നു് പട്ടീൽ

നല്ല നിലയിൽ നടക്കുന്ന വ്യവസായങ്ങളും ദേശസാൽക്കരിക്കുകയൊ അവയിൽ ഇടപെടുകയൊ അരുതു്

(പി. ടി. ഐ.) മംഗലാപുരം മെ. 18

വ്യവസായം കാര്യക്ഷമമായും ഫലപ്രദമായും നടത്തുന്നതിൽ സഹകാര്യമേഖല ശ്രദ്ധ ചെലുത്തുന്നേടത്തോളം കാലം, അതിൽ ഗവണ്മെണ്ടു് ഇടപെടുകയൊ ദേശസാല്ക്കരിക്കുകയൊ ചെയ്യേണ്ട ഒരാവശ്യവുമില്ലന്നു് കേന്ദ്രമന്ത്രിയിൽവെ വകുപ്പുമന്ത്രി മി. എസ്. കെ. പട്ടീൽ ഇവിടെവെച്ചു പ്രസ്താവിച്ചിരിക്കുന്നു.

ഈ രണ്ടും അന്യന്യാപേക്ഷിതമാണു്. കഴിഞ്ഞ 10-കൊല്ലക്കാലത്തിനിടയ്ക്കു് റോഡ് ട്രാൻസ്പോർട്ടു് കാർഗനൈസേഷന്റെ സുവണ്ണജൂബിലി ആഘോഷങ്ങളിൽ പങ്കെടുത്തുകൊണ്ടു് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഗവണ്മെണ്ടിന്റെ പ്രാഥമികമായ മുതൽ ഭരിക്കലാണു്. ഗവണ്മെണ്ടിനു് നിയന്ത്രണം ഏറ്റെടുത്താൽ. എന്നാൽ സോഷ്യലിസത്തിന്റെ പേരിൽ ഗവണ്മെണ്ടു് എല്ലാം സ്വന്തമാക്കരുതെന്നും മി പട്ടീൽ പറഞ്ഞു.

വ്യവസായ-വാണിജ്യ സ്ഥാപനങ്ങളുടെ ജനറൽ മാനേജർമാരായി നമ്മുടെ സിവിൽ സർവ്വീസിനെ പരിവർത്തനം ചെയ്യിക്കരുതെന്നും അദ്ദേഹം പ്രസ്താവിച്ചു.

നടന്നതിക്കൊണ്ടു പോകുന്നതിനൊ വികസിപ്പിക്കുന്നതിനൊ കഴിവില്ലാതിരുന്ന ഒരു സന്ദർഭത്തിൽ മാത്രമെ സ്വകാര്യസംരംഭങ്ങളെ ഏറ്റെടുക്കുന്നതിനൊ ദേശസാൽക്കരിക്കുന്നതിനൊ ഗവണ്മെണ്ടു് തുനിയാവു എന്നും മന്ത്രിക്കഭിപ്രായമുണ്ടു്.

ഒരു രാജ്യത്തെ റോഡ് ട്രാൻസ്പോർട്ടിനേറയും വിദ്യുച്ഛക്തിയുടേയും രംഗത്തെ വികസനംകൊണ്ടു മാത്രമെ ആ രാജ്യത്തിന്റെ പുരോഗതിയെ അളക്കുന്നതിനു കഴിയൂ. വ്യവസായത്തിനേറയും കൃഷിയുടേയും വികസനത്തിനു് മുഖ്യപ്രാധാന്യം നൽകണമെന്നും മന്ത്രി ഉപദേശിച്ചു.

മെമ്പർമാക്കു് എല്ലാ മാസവും അവരുടെ ശമ്പളം ലഭിച്ചുവരുന്നുണ്ടെന്നറിയുന്നു.

തടവിൽ കഴിയുന്നവരുടെ ബന്ധുക്കൾ സഹായത്തിനായി അവരിൽനിന്നും അധികം അപേക്ഷിച്ചിട്ടുണ്ടു്. അവരുടെ അപേക്ഷ അനുവദിക്കുകയും ചെയ്തിട്ടുള്ളതായും അറിയുന്നു.

....

വർഗ്ഗീയ കലാപങ്ങൾ തടഞ്ഞുനിർത്താൻ—

(പി. ടി. ഐ.) ലക്നൊ, മേ. 18

വർഗ്ഗീയ കലാപങ്ങൾ തടഞ്ഞുനിർത്തുന്നതിനാവശ്യമായ നടപടികളെടുക്കുന്നതിൽ എല്ലാ ഡിസ്ട്രിക്ടു് മജിസ്ട്രേട്ടുമാരും ജാഗ്രൂകരായിരിക്കുവാൻ ഉത്തരപ്രദേശ് ഗവണ്മെണ്ടു് നിർദ്ദേശം നൽകിയിരിക്കുന്നു.

ഇന്നലെ ഗോരഖ്പൂരിലുണ്ടായ അനിഷ്ടസംഭവത്തെ തുടർന്നുള്ള നടപടിയാണിതെന്നു് ഒരു ഗവ: വക്താവു് പറഞ്ഞു.

.....o.....

മണ്ണെണ്ണവരുന്നു

[പി ടി ഐ] തിരു, മെ. 18

കേരളത്തിനു് ഈ മാസത്തേക്കു് 8000 ടൺ മണ്ണെണ്ണ കേന്ദ്രം അനുവദിച്ചിട്ടുണ്ടെന്നും യഥാർത്ഥത്തിൽ ആവശ്യമുള്ളതു് പന്ത്രണ്ടായിരം ടൺ മണ്ണെണ്ണയാണെന്നും ഒരു ഔദ്യോഗികവക്താവു് ഇന്നുവിടെ പ്രസ്താവിച്ചിരിക്കുന്നു.

അനുവദിച്ച എണ്ണ കൊച്ചിയിൽ എത്തിച്ചുതുടങ്ങിയിട്ടുണ്ടെന്നും വിവിധകേന്ദ്രങ്ങളിലേക്കു് ഉടനടി നീങ്ങിത്തുടങ്ങുമെന്നും അദ്ദേഹം പറഞ്ഞു.

.....

മുഴലിക്കാറ്റിൽ കൊല്ലപ്പെട്ടവർ പന്ത്രണ്ടായിരംവരും

[ഓയിട്ടർ) കറാച്ചി മെ. 18

കഴിഞ്ഞ ചൊവ്വാഴ്ച കി. പാകിസ്ഥാനിൽ നടന്ന ഭയങ്കരമായ മുഴലിക്കാറ്റിന്റെ ഫലമായി 12,000 പേരെങ്കിലും കൊല്ലപ്പെട്ടിട്ടുണ്ടാകുമെന്നു് അനൌദ്യോഗിക റിപ്പോർട്ടുകളിൽ കാണുന്നു. ഇതുവരെയുള്ള ഔദ്യോഗികകണക്കനുസരിച്ചു് 5536 പേരാണു് മരിച്ചവർ,

....

പാക് പട്ടാളം ഗ്രാമീണനേയും പുത്രിയേയും കൊലപ്പെടുത്തി

(പി. ടി. ഐ.) ജമ്മു മെയ് 18

ചമ്പ് മേഖലയിലുള്ള ബർസാല എന്ന ഇന്ത്യൻ ഗ്രാമത്തിൽ പാക് സൈന്യങ്ങൾ നുഴഞ്ഞുകയറി ഒരു ഗ്രാമീണനേയും അയാളുടെ മകളേയും കൊലപ്പെടുത്തിയതായി ഔദ്യോഗികമായി അറിയുന്നു.

....

സ്റ്റാസി പോലീസിന്നു് നൽകിയ മാപ്പപേക്ഷ

(പി. ടി. ഐ.)

ന്യൂഡൽഹി മേ. 18

ഷേക് അബ്ദുള്ളയെ കാണാനായിട്ടു് കലക്ടർ അനുമതി നൽകിയെന്ന ധാരണ സെക്യൂരിറ്റി ഓഫീസർമാക്കു് താൻ നൽകുകയുണ്ടായെന്നു്, ഇന്ത്യയിൽനിന്നു് ഇയ്യിടെ നാടുകടത്തപ്പെട്ട ലണ്ടൻ സണ്ടേടൈംസിന്റെ വിദേശകാര്യലേഖകനായ മി. ടോം സ്റ്റാസി, പോലീസിനു് ഒപ്പുവെച്ചു് നല്കിയ ഒരു പ്രസ്താവനയിൽ പറയുന്നു.

തനിക്കു് കൂടിക്കാഴ്ച നടത്തുവാൻ കലക്ടറുടെ അനുവാദം ലഭിച്ചിട്ടുണ്ടെന്നു സെക്യൂരിറ്റി ഓഫീസറോടു ഷേക് അബ്ദുള്ളയും മിർസ അഫ്സൽ ബഗ്ഗിനേയും ധരിപ്പിക്കുവാൻ തനിക്കു് കഴിഞ്ഞ എന്നും അദ്ദേഹം സമ്മതിച്ചു.

ഷേക്കിനെ സംബന്ധിച്ച ചട്ടങ്ങൾ ലംഘിച്ചതിനും അധീകൃതരെ തെറ്റിദ്ധരിപ്പിച്ചതിനും മി. സ്റ്റാസി തന്റെ പ്രസ്താവനയിൽ ഖേദവും ആത്മാർത്ഥമായ ക്ഷമാപണവും നടത്തിയിട്ടുണ്ടു്.

മി. സ്റ്റാസി ഒപ്പുവെച്ചു് പോലീസിനു് നല്കിയ പ്രസ്താവനയുടെ പൂർണ്ണരൂപം താഴെകൊടുക്കുന്നു.

ഒരു ബിസ്സിനസ് സന്ദർശനാർത്ഥം, ഏപ്രിൽ 29-ാംനു- ലണ്ടനിൽനിന്നും വിമാനമാർഗ്ഗം ഞാൻ, ടി. സി. ജി. സ്റ്റാസി കൊച്ചിയിലേക്കു് പോയി. പിന്നീടു്, മേയ് 5-ാംനു- ഡൽഹി-മദിരാശി വഴി കൊളമ്പിലേയ്ക്കു് പുറപ്പെട്ടു. മേയ് 9-ാംനു- രാവിലെ ഞാൻ കൊളമ്പിൽനിന്നു ഫോണ. കൊച്ചുദിവസം ഡൽഹിയിൽ താമസിച്ചു് പിന്നീടു് ലണ്ടനിലേക്കു് പോകാമെന്നായിരുന്ന ഉദ്ദേശിച്ചതു്.

മേയ് 9-ാംനു- രാവിലെ ഏതാണ്ടു് 10 മണിയോടുകൂടി ഞാൻ മദിരാശി വിമാനത്താവളത്തിലെത്തി. ഇന്ത്യയിലേക്കു് മടങ്ങിവന്ന ഷേക് അബ്ദുള്ളയെ തടവിൽവെച്ചിരിക്കുന്നതായി ഞാൻ ഡൽഹിയിലേക്കുള്ള ഉച്ചക്കുശേഷമുള്ള വിമാനം കാത്തുനിൽക്കുന്നതിനിടക്ക അറിഞ്ഞു. മി. ഷേക്കിനെ ഉടൻതിയിലേക്കു് കൊണ്ടു പോയിരിക്കുന്നുവെന്നും അവിടെ അദ്ദേഹത്തിനു് സ്വതന്ത്രമായി സഞ്ചരിക്കാമെന്നും എന്റെ പത്രത്തിൽനിന്നും താൻ മനസ്സിലാക്കി. മി. ഷേക്കിനോടൊപ്പം അദ്ദേഹത്തിന്റെ സഹപ്രവർത്തകൻ മി. ബഗ്ഗും ഉണ്ടായിരുന്നു.

ഷേക്കിനെ ഞാൻ അറിയുന്നതിനാൽ ഇന്നത്തെ സ്ഥിതിഗതികളെ സംബന്ധിച്ചു് അദ്ദേഹത്തിന്റെ അഭിപ്രായങ്ങൾ കേൾക്കുന്നതു് രസാവഹമായിരിക്കുമെന്നു് ഞാൻ കരുതി. ഞാൻ മദിരാശിയിലായിരുന്നതുകൊണ്ടു് എന്റെ ടൽഹി യാത്ര ഉപേക്ഷിച്ചു് ഊട്ടിക്കുപോകുവാൻ തീരുമാനിച്ചു. അതുകൊണ്ടു് ഉച്ചക്കശേഷം ഞാൻ കോയമ്പത്തൂരേയ്ക്കു് പോന്നു. ആവശ്യമുണ്ടെങ്കിൽ ബന്ധുക്കൾക്കു് ഒരു കുറിപ്പെഴുതുകയാണു് നല്ലതെന്നു നിഗമനത്തിൽ ഞാനെത്തിച്ചേർന്നു. ഇങ്ങനെയെല്ലാം വന്നതിൽ എനിക്കു് തികഞ്ഞ നിരാശയാണുണ്ടായതു്. എന്നാൽ ഇക്കാര്യത്തിൽ എനിക്കു് മറ്റാരുമാർഗ്ഗമൊന്നുമില്ലന്നതാണു്. ഷേക് അബ്ദുള്ളക്കു് ഞാനെഴുതുന്ന കത്തു് കൊടുക്കുന്നതിൽ തനിക്കു് തോഷമാണുള്ളതെന്നു് കലക്ടർ പറഞ്ഞു. എന്നാൽ കലക്ടറുടെ വസതിയിൽ നിന്നും പോന്നാൽശേഷം, ഷേക്കിനു് നേരിട്ടു് ഒരു കുറിപ്പുകൊടുക്കുന്നതിൽ ഒരു അപകടവുമില്ലന്നു് എനിക്കു തോന്നി. അതനുസരിച്ചു് ഞാൻ കത്തു കൊടുത്തു. ആവശ്യമായ നിർദ്ദേശം ലഭിക്കുന്നതിനു് കുറച്ചുസമയമെടുത്തേക്കാമെന്നും അദ്ദേഹം പറഞ്ഞു.

അധികം സമയമില്ലാതിരുന്നതിനാൽ ഷേക് അബ്ദുള്ളക്കു് ഒരു കുറിപ്പെഴുതുകയാണു് നല്ലതെന്ന നിഗമനത്തിൽ ഞാനെത്തിച്ചേർന്നു. ഇങ്ങനെയാണു് ഇവിടെ എത്തിയതെന്നു ഞാൻ ആ കോഫീസറോടു് പറഞ്ഞു. ഈ സന്ദർഭത്തിൽ, കലക്ടറുടെ അനുവാദം എനിക്കു് ലഭിച്ചിട്ടുണ്ടെന്നു് ഷേക്കിനേയും ബെഗ്ഗിനേയും ഈ കോഫീസറേയും ധരിപ്പിക്കുവാൻ ഞാൻ ശ്രമിച്ചുവെന്നു് സമ്മതിക്കുന്നു....

ഞങ്ങളുടെ സംഭാഷണാനന്തരം ഞാൻ മുൻഭാഗത്തെ വാതിലിൽകൂടി, ഗ്രൗണ്ടിലെ പോലീസ് ഓഫീസറോടു് പറഞ്ഞു പുറപ്പെടുന്നു....

പോലീസ് സൂപ്രണ്ടൻറ് എന്നെ അദ്ദേഹത്തിന്റെ കാറിലേക്കു് എന്നെ ക്ഷണിച്ചു. അതിനൊ ആവശ്യമില്ലെന്നു് എനിക്കുതോന്നിയതിനാൽ അദ്ദേഹം എന്റെ ടാക്സിയിൽകയറി. കലക്ടരുമായി താൻ ബന്ധം പുലർത്തിയെന്നും ആവശ്യമായ അനുമതി ഞാൻ വാങ്ങിയിട്ടില്ലെന്നു് മനസ്സിലായെന്നും സൂപരിൻറെൻറ്എന്നോടു് പറഞ്ഞു. കലക്ടറുടെ വീട്ടിലേക്കുള്ള വഴി, അദ്ദേഹം എന്നോടു് ഒരു പ്രാവശ്യംകൂടി വിശദീകരണം ആവശ്യപ്പെട്ടു. അധികൃതരിൽ എങ്ങിനെ തെറ്റിദ്ധാരണ ഉളവാക്കി എന്നതിനെപ്പറ്റിയും ഞാൻ ചോദിച്ചു് അദ്ദേഹത്തോടു് (ഭാഗികമായി കലക്ടറോടും) വിശദീകരിക്കുവാൻ ശ്രമിച്ചു. ബ്രിട്ടനിലെ രാഷ്ട്രീയത്തിൽ ഞങ്ങളും താല്പര്യമുള്ളവരാണു്. കൺസർവേറ്റീവു് കക്ഷിയുടെ ഡോവർ മണ്ഡലത്തിലെ ഒരു പ്രോസ്പക്ടീവു് സ്ഥാനാർത്ഥിയുമാണു് ഞാൻ. കോമൺവെൽത്തു് കാര്യങ്ങളിൽ പ്രത്യേകതാല്പര്യവുമുണ്ടു്. ഈ വക കാരണങ്ങളാൽ ഷേക്ക് അബ്ദുള്ളയുമായുള്ള സംഭാഷണം വിലപ്പെട്ടതായിരിക്കുമെന്ന തോന്നിയെന്നും ഞാൻ വിശദീകരിച്ചു. ഷേക് അബ്ദുള്ളയുമായി ഞാൻ സംഭാഷണം നടത്തിയെന്ന വസ്തുതയിലേക്കു് പൊതുജനശ്രദ്ധ തിരിക്കുന്നതിനു് ഞാനിപ്പോൾ ഉദ്ദേശിക്കുന്നില്ലെന്നും ഞാൻ അദ്ദേഹത്തോടു് പറഞ്ഞു.

ഷേക്ക് അബ്ദുള്ളയെ സംബന്ധിച്ച ചട്ടങ്ങൾ ലംഘിക്കുകയും അധികൃതരെ തെറ്റിദ്ധരിപ്പിക്കുകയും ചെയ്തതിൽ ഞാൻ ആത്മാർത്ഥമായി മാപ്പു ചോദിക്കുന്നു.

—o—

മുസ്ലീംലീഗിന്റെ അംഗീകരണം

തിരഞ്ഞെടുപ്പു കമ്മീഷന്റെ പരിശോധന

(പി. ടി. ഐ.) ന്യൂഡൽഹി, മെ. 18

ഒരു സംസ്ഥാന പാർട്ടിയെന്ന നിലയിൽ മുസ്ലീംലീഗിനുള്ള അംഗീകരണം തുടരണമൊ എന്നതിനെപ്പറ്റി തിരഞ്ഞെടുപ്പു കമ്മീഷൻ പരിശോധിച്ചുവരികയാണെന്നു് അറിവായിരിക്കുന്നു. സംസ്ഥാന പാർട്ടിയായി അംഗീകരിക്കുന്നതിനും പ്രത്യേക തിരഞ്ഞെടുപ്പു ചിഹ്നം അനുവദിക്കുന്നതിനും പൊതുതിരഞ്ഞെടുപ്പിൽ മൊത്തം പോൾ ചെയ്ത വോട്ടിന്റെ നാലുശതമാനം വോട്ടു് ഒരു രാഷ്ട്രീയ പാർട്ടിക്കു് ലഭിക്കേണ്ടതുണ്ടു്. ലീഗിനു് 4 ശതമാനത്തിൽ താഴെ വോട്ടുകൾ കിട്ടിയെന്നാണു് ഇയ്യിടെ നടന്ന തിരഞ്ഞെടുപ്പിന്റെ പ്രാഥമിക വിശകലനത്തിൽ മനസ്സിലായതു്. പോളിംഗ് സ്ഥിതിവിവരക്കണക്കുകളെ സംബന്ധിച്ചു് വീണ്ടുമൊരു പരിശോധന നടത്തിയശേഷം മാത്രമേ അംഗീകാരം നൽകുന്നതു സംബന്ധിച്ചു് തിരഞ്ഞെടുപ്പു കമ്മീഷൻ ഒരവസാനതീരുമാനമെടുക്കുകയുള്ളു. പ്രജാ സോഷ്യലിസ്റ്റു്-സോഷ്യലിസ്റ്റു് പാർട്ടികൾക്കു് തിരഞ്ഞെടുപ്പു ചിഹ്നങ്ങൾ അനുവദിക്കുന്നതു സംബന്ധിച്ചു് തീരുമാനം ഇലക്ഷൻ കമ്മീഷൻ ഉടനെതന്നെ അറിയിക്കുന്നതാണു്.

തടവിൽ കഴിയുന്ന എം. പി. മാക്കു് മാസംതോറും ശമ്പളം ലഭിക്കുന്നു

[പി. ടി. ഐ.] ന്യൂഡൽഹി മേ. 18

ഇപ്പോൾ തടവിൽ കഴിയുന്ന പാർലിമെൻറിലെ ഇടതുപക്ഷ കമ്യൂണിസ്റ്റു്

പനാമ

അവ ഒടുവിലത്തെ പുകവലി വരെ മെച്ചമാണു്



പ്രത്യേക താത്പര്യപ്രകാരം തയ്യാറാക്കപ്പെട്ടതു്:
ഗോൾഡൻ ടുബാക്കോ കമ്പനി പ്രൈവറ്റ് ലി. ബോംബെ-56.
ഇത്തരം വ്യവസായത്തിൽ ഭാരതത്തിലെ ഏറ്റവും വമ്പിച്ച സ്ഥാപനം

GT 1965/11 Greens' Advtg.

തൊഴിലാളി

പോസ്റ്റ് ബോക്സ് 90
ടെലഫോൺ 125

1965 മേയ് 19–ാംതീയതി ബുധൻ

കമ്മ്യൂണിസ്റ്റ് സഹകരണം

....o....

ഒരു ജനാധിപത്യ ഭരണസമ്പ്രദായം നിലവിലിരിക്കുന്ന രാജ്യത്തെ ജനങ്ങൾക്ക് അവരുടെ തെരഞ്ഞെടുപ്പിനെ സ്വാധീനിക്കുന്ന രാഷ്ട്രീയ പ്രശ്നങ്ങളുടെ പേരിൽ കമ്മ്യൂണിസ്റ്റുകാരുമായി സഹകരിക്കാമോ? കേരളീയരെ പലപ്പോഴും തുറിച്ചു നോക്കുന്ന ഒരു ചോദ്യമാണിത്. കേരളത്തിലെ ഏറ്റവും വലിയ പാർട്ടിയായി കമ്യൂണിസ്റ്റ് പാർട്ടി ഉയർന്നിരിക്കുന്ന പരിതസ്ഥിതിയിൽ വളരെ ബോധപൂർവ്വം പരിഗണിക്കപ്പെടേണ്ട ഒരു വസ്തുതയാണിത്. ഓരോപ്രശ്നത്തിന്റെയും ഗൗരവമനുസരിച്ചും, ഈ രാജ്യത്തെ ജനജീവിതത്തെ അതെങ്ങനെ ബാധിക്കുന്നു എന്നതിന്റെ അടിസ്ഥാനത്തിലും, കമ്മ്യൂണിസ്റ്റ് പാർട്ടി ആ പ്രശ്നത്തെ എങ്ങനെ വിലയിരുത്തുന്നു എന്നതിന്റെ പശ്ചാത്തലത്തിലും വേണം ആ പ്രശ്നത്തിന്റെ പേരിൽ കമ്യൂണിസ്റ്റ് പാർട്ടിയുമായി സഹകരിക്കുകയോ, സഹകരിക്കാതിരിക്കുകയോ, വിയോജിക്കുകയോ വെയ്യേണ്ടതെന്നാണ്. ഞങ്ങളുടെ അഭിപ്രായം. നല്ല കാര്യങ്ങൾ സാധിക്കുന്നതിന്, കമ്യൂണിസ്റ്റ് കാരുമായി സഹകരിക്കുന്നതു കൊണ്ട് ദോഷത്തിക്കാളേറെ ഗുണമാണെന്നതെന്നു കണ്ടാൽ, അങ്ങനെയാവാമെന്ന് ഞങ്ങളും വ്യക്തമായിപ്രഖ്യാപിച്ചിട്ടുണ്ട്. രണ്ടു മൂന്നു കൊല്ലങ്ങൾക്കു മുമ്പ് ഞങ്ങളിങ്ങനെ പറഞ്ഞതു പലരേയും ഞെട്ടിപ്പിച്ചു. മൂന്നു കൊല്ലങ്ങൾക്കു മുമ്പ് മട്ടാഞ്ചേരിയിൽ ഒരു യോഗത്തിൽ പ്രസംഗിക്കുവേ, ബ. വടക്കനച്ചൻ, 'നല്ല കാര്യങ്ങൾക്ക് കമ്യൂണിസ്റ്റ്കാരുമായി സഹകരിക്കാവുന്നു'താണെന്നു പറഞ്ഞതിനെ പലരും ദുർവ്യാഖ്യാനം ചെയ്യുകയുണ്ടായി. ഞങ്ങളുടെ മാനുഷികജീവികളായ മനോരമയും, ദീപികയുമൊക്കെ ഇന്നും ഞങ്ങളുടെ ഈ നിലപാടിനെ അതിനിശിതമായിട്ടാണ് വിമർശിക്കുന്നതു്. 'വടക്കൻ തീസിസ്' എന്നു വരെ ചിലർ ഇതിനെ വിമർശിച്ചതു് ഞങ്ങളിപ്പോഴും ഓർക്കുന്നു കഴിഞ്ഞ മാർച്ച് മുപ്പതാംതിയതി മനോരമ എഴുതിയ മുഖപ്രസംഗത്തിലും അതാവർത്തിച്ചിട്ടുണ്ട്, നല്ല കാര്യത്തിനു് കമ്യൂണിസ്റ്റ്കാരുമായി സഹകരിക്കാമെന്നുള്ള തീസിസ്സിൽ, കൊട്ടിയൂർ പ്രക്ഷോഭണകാലത്തു പ്രവർത്തിച്ചതുപോലെ....'

ആ എതിർപ്പുകളെല്ലാം കണ്ടപ്പോൾ, അവരുടെയെല്ലാം ദീർഘവീക്ഷണരാഹിത്യമോർത്തു ഞങ്ങൾ സഹതപിക്കുകയായിരുന്നു. കൊട്ടിയൂരിലെ അയ്യായിരം കർഷകകുടുംബങ്ങളെ തെരുവുതെണ്ടികളാക്കപ്പെടാതിരിക്കാൻവേണ്ടി, പതാകയും മാറിവെച്ച്, അവശതയനുഭവിക്കുന്നവരെല്ലാവരും (കമ്യൂണിസ്റ്റ് കാരുൾപ്പെടെ) കൂടി ഒന്നിച്ചു മുന്നോട്ടുവന്നപ്പോൾ ഞങ്ങളും പറഞ്ഞതു് തെറ്റാണെന്നു പറഞ്ഞിരുന്നവർ, 'സോവ്യറ്റ് റഷ്യയാണ് ഇന്ത്യയുടെ യഥാർത്ഥമിത്രമെന്ന' പഴഞ്ചൊല്ലിനെ കാരണമാക്കിക്കൊണ്ട് തിരുവിതാംകൂറിലെ തെരഞ്ഞെടുപ്പിനുശേഷം, പ്രസിഡന്റ് ഭരണം ഒഴിവാക്കുന്നതിനും, കോൺഗ്രസ്സിന്റെ ജനദ്രോഹരാഷ്ട്രീയത്തിനു് ഉദാഹരണമായിത്തീർക്കപ്പെടാതിരിക്കുന്നതിനും, കമ്യൂണിസ്റ്റുകാരുടെയും കോൺഗ്രസ്സിന്റെയും ഇടയിലുള്ള കോൺഗ്രസ്സിതര പാർട്ടികളും പ്രത്യേകിച്ചു് കേരളാ കോൺഗ്രസ്സുകാരും കൂടി ഒരു കൂട്ടുമന്ത്രിസഭയുണ്ടാക്കുന്നതിനുവേണ്ടി പ്രവർത്തിച്ചപ്പോൾ, കോൺഗ്രസ്സിന്റെ ഗവർണ്മെന്റ് ഭരണത്തിനു് അറുതിവരുത്തുന്നതിനുവേണ്ടി കമ്യൂണിസ്റ്റുകാരുമായി സഹകരിക്കുന്നതിനെ ന്യായീകരിച്ചുകൊണ്ടു് പത്രസമ്മേളനത്തിൽ സംസാര

പത്രാധിപർക്കുള്ള കത്തു്

"മാതൃഭൂമി"യുടെ റിയലിസ്റ്റിക് കഥകൾ

സർ,

ഈ കത്തു് തൊഴിലാളി പത്രാധിപരായ അങ്ങേക്കു് എഴുതുന്നതിൽ ക്ഷമിക്കണം. കാരണം ഇതു സംബന്ധിച്ചു് 'മാതൃഭൂമി' പത്രാധിപർക്കാണു്. എഴുതേണ്ടതു്. പത്രധർമ്മത്തിന്റെ ബാലപാഠം പോലും ഇനിയും പഠിക്കാത്തവർ എത്ര പ്രഗത്ഭപത്രത്തിന്റെ അധിപരായാലും വിശ്വാസമില്ലല്ലോ. ഒരു വ്യക്തിയേയോ, സമൂഹത്തേയോ മനപൂർവ്വം കളിയാക്കുവാൻ അവരുടെ മനോവികാരത്തെ നിഷ്ഠൂരമായി മുറിവേൽപ്പിക്കാൻ സാധാരണമായി ഒരു പത്രവും സ്ഥലം അനുവദിക്കാറില്ല. എന്നാൽ കേരളത്തിലെ പ്രമുഖ പത്രങ്ങളിലൊന്നു് എന്നഭിമാനിക്കുന്ന 'മാതൃഭൂമി'ക്കു് ഈ നിയമങ്ങളൊന്നും ബാധകമല്ലത്രെ. ഏതാനും നാളുകൾക്കുമുമ്പു് ക്രിസ്മസിനോടനുബന്ധിച്ചുതന്നെ മാതൃഭൂമി ആ പതിയത്തപസംഹിത രംഗത്തിറക്കി. ആ പരിപ്പു് പുളിച്ചുതികട്ടിയതാകാം കഴിഞ്ഞ ലക്കം മാതൃഭൂമി ആഴ്ചപതിപ്പിലൂടെ പുറത്തുവന്ന 'പരാജിതർ' എന്ന ചെറുകഥ. അതിനെ ചെറുകഥ എന്നു വിളിക്കാമോ എന്നു് എനിക്കു സംശയമുണ്ടു്. ഒരു മാത്തിലെ 'മദർ' ആണു് കഥാനായിക ചെറുപ്പകാലത്തെ മാതൃത്വത്തിൽ വ്യമുമായി വിഹരിച്ചു് മനസ്സിൽ പൂവിട്ടു പൂജിച്ചിരുന്ന പുരുഷൻ വേറൊരു സ്ത്രീയെ കല്യാണം കഴിച്ചതിലുള്ള "കൊതിക്കെറുവു്" എന്നേടത്തു മാത്തിൽ വേരുന്നു. അവിടെ എത്തിയപ്പോൾ, അവിടെ ഉള്ളവരെല്ലാം തന്നെപോലെ പ്രേമകഥകൾ ഉള്ളവരാണപോലും. ശേഷിക്കുന്നവർ സ്ത്രീധനം കൊടുക്കുവാൻ കാശില്ലാത്തതിനാൽ മാത്തിലടയ്ക്കപ്പെട്ട വരും. മദറിന്റെ പിതാവു് മരിച്ചപ്പോൾ വീട്ടിലേക്കു കൊണ്ടുപോകാൻ സഹോദരൻ മാത്തിൽ എത്തുന്നതോടെ കഥയും അവസാനിക്കുന്നു. കഥാകൃത്തിന്റെ ദൃഷ്ടിയിൽ മാത്തിലുള്ളവരെല്ലാം പ്രേമനൈരാശ്യംകൊണ്ടു് അവിടെ എത്തിയവരാണു്. ലക്ഷ്യക്കണക്കിനു സ്വന്തിന്റെ അവകാശികളെ മാത്തിന്റെ ഭിത്തിക്കുള്ളിൽ ആയിരകണക്കിനുണ്ടെന്നുള്ള യാഥാർത്ഥ്യം കഥാകൃത്തു മനസ്സിലാക്കിയിട്ടില്ലെങ്കിൽകൂടി മാതൃഭൂമി മനസ്സിലാക്കേണ്ടതായിരുന്നു. 'ദൈവവിളി' 'ഭക്തി' എന്നിങ്ങനെ ചില പദപ്രയോഗങ്ങളും പലസ്ഥലത്തും സ്ഥലംപിടിച്ചിട്ടുണ്ടു്. അവയെപ്പറ്റി കൂടുതൽ വിശദീകരിക്കുവാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. അച്ചടിപ്പാകം തോന്നുന്നതുപോലെ എഴുതിവിടിപ്പിക്കുന്നം വേണ്ടിവന്നാൽ പീൻവലിക്കാനും ഉള്ള പത്രധർമ്മം മാതൃഭൂമിക്കുണ്ടല്ലോ. ഇവരുടെ പ്രസിഡണ്ടിൽനിന്നും "പദ്മശ്രീ" ബിരുദം സമ്പാദിച്ച മദർ തെരേസായും മാതൃഭൂമിയുടെ കാഴ്ചപ്പാടിൽ മേൽ ചെറുകഥയിലെ കഥാപാത്രങ്ങളുടെ ഗണത്തിൽ ഉൾപ്പെടുമോ ആവോ.

"മാനത്തുനിന്നെങ്ങാനും പൊട്ടിവീണോ" എന്ന മട്ടിൽ കഥാകൃത്തായി ഒരു ജോൺസൺ പ്രത്യക്ഷപ്പെട്ടിട്ടുണ്ടു്. ഈ വലിയ കഥാപാത്രത്തിനുവേണ്ടി മേൽവിലാസംപോലും ലഭിക്കാത്തതു് (അങ്ങനെ കരുതാൻ ഉണ്ടെങ്കിലല്ലേ) കഷ്ടംതന്നെ. പേരിൽ മാത്രം കതോലിക്കാഭാവം ചമഞ്ഞുകൊണ്ടു് സഭയുടെ കടയ്ക്കൽ കോടാലിവെയ്ക്കുവാൻ പലതും ശ്രമിച്ചിട്ടുണ്ടു്. മാത്തിലുള്ള ഒരു സിസ്റ്റർപോലും സ്വന്തം പിതൃവായിരുന്നാൽപോലും മരിച്ചടക്കിഞ്ഞാൽ ശവംകാണുവാൻവേണ്ടി പോകാറില്ല എന്ന വസ്തുതപോലും മനസ്സിലാക്കിയിട്ടില്ലാത്ത കഥാകൃത്തിനെ ജോൺസൺ എന്നല്ലാ യൂദാസെന്നോ ഗോപാലനെന്നോ വിളിക്കുന്നതായിരിക്കും കൂടുതൽ ഉത്തമം.

— മാത്തു, കളത്തുവയൽ.

പഴങ്ങൾ മെഴുക് പുരട്ടി സൂക്ഷിക്കുന്നു

ന്യൂഡൽഹി, മെയ് 18

മാമ്പഴം, മധുരനാരങ്ങ തുടങ്ങിയ പഴവർഗ്ഗങ്ങളും ഉരുളക്കിഴങ്ങു്, തക്കാളി തുടങ്ങിയ പച്ചക്കറികളും മെഴുകു് പുരട്ടി സൂക്ഷിച്ചാൽ വളരെനാൾ കേടുകൂടാതെ ഇരിക്കുമെന്നു് ഒമൈസൂരിലെ കേന്ദ്ര ഭക്ഷ്യസാങ്കേതിക ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ട് നടത്തിയ പരീക്ഷണങ്ങൾ വെളിപ്പെടുത്തുന്നു. ഇന്ത്യയിൽ പഴങ്ങളുടേയും പച്ചക്കറികളുടേയും വിപണനം മെച്ചപ്പെടുത്തുന്നതിനുള്ള വമ്പിച്ച സാദ്ധ്യതകളിലേയ്ക്കു ഈ കണ്ടുപിടുത്തം വിരൽചൂണ്ടുന്നുണ്ടു്. ഈ മാർഗ്ഗം പഴങ്ങൾക്കും മറ്റും കൂടുതൽ ജീവിതദൈർഘ്യം മാത്രമല്ല നല്ല ശോഭയും നൽകുന്നതുകൊണ്ടു് അവയുടെ വിപണനമൂല്യം വർദ്ധിക്കുന്നു.

മെഴുകു് പുരട്ടുന്ന രീതി സരളവും ചെലവു് കുറഞ്ഞതുമാണു്. കൃഷിക്കാർക്കു് തോട്ടത്തിൽവെച്ചുതന്നെ ഇതു ചെയ്യാൻ കഴിയും. മാമ്പഴം, മധുരനാരങ്ങ, ആപ്പിൾ തുടങ്ങിയവയ്ക്കു് ഏറിനു് 13 പൈസയിൽ കൂടാവേ ചെലവു് വരൂ. 100 കായുള്ള പഴക്കുലയ്ക്കു് ആറ് പൈസയും.

മെഴുകിന്റെ 12 ശതമാനം ഗാഢതയുള്ള എമൽഷനാക്കും ഇൻസ്റ്റിറ്റ്യൂട്ട് തയ്യാറാക്കിയിട്ടുണ്ടു്. പഴങ്ങളിലും മറ്റും മെഴുകു് പുരട്ടുന്നതിനു് ഇവ വെള്ളം ചേർത്തു് മൂന്നു ശതമാനം ഗാഢതയുള്ളതാക്കണം. ഇതിൽ പഴങ്ങൾ ഒരു മിനിട്ടോളം മുക്കിവെച്ചശേഷം തണലിൽ ഉണങ്ങാൻ വെയ്ക്കുന്നു. പത്തു പതിനഞ്ചു് മിനിട്ടുകൊണ്ടു് ഉണങ്ങിക്കിട്ടും. അപ്പോൾ പഴങ്ങളുടെ മീതെ മെഴുകിന്റെ നേർത്ത പാട പിടിച്ചിരിക്കും.

വിവിധതരം പഴങ്ങൾക്കും പച്ചക്കറികൾക്കും യോജിച്ച എമൽഷനകം ഇൻസ്റ്റിറ്റ്യൂട്ട് തയ്യാറാക്കിയിട്ടുണ്ടു്. സംരക്ഷണ സാദ്ധ്യത വർദ്ധിപ്പിക്കാനും കൂടുതൽ മിനുക്കം നൽകാനും ഇവയിൽ പുഷ്പ വാർണിഷുകളും അരക്കും മറ്റും ചേർക്കാറുണ്ടു്.

മെഴുകു് പുരട്ടുമ്പോൾ രണ്ടു കാര്യങ്ങളിൽ ശ്രദ്ധിക്കണം. ഒന്നാമതായി മൃദുജലംകൊണ്ടുവേണം എമൽഷൻ നേർപ്പിക്കാൻ. സോപ്പ് നല്ലപോലെ പതയുന്നതാണു് മൃദുജലത്തിന്റെ ലക്ഷണം. മഴവെള്ളവും നദീജലവും റെയിൽവേ സ്റ്റേഷനുകളിൽ കിട്ടുന്ന വെള്ളവും സാധാരണ മൃദുവായിരിക്കും. രണ്ടാമതായി, കന്പോളത്തിലേക്കു് അയക്കുന്നതിനു് പാക്കുചെയ്യുമ്പോൾ എമൽഷൻ നല്ലപോലെ ഉണങ്ങിയിരിക്കണം. പാറിച്ചയുടനെ തന്നെ മെഴുകു് പുരട്ടുന്നതാണു് കൂടുതൽ പ്രയോജനകരം.

മെഴുകു് പുരട്ടിയതുകൊണ്ടു് പഴങ്ങളിലും മറ്റുമുണ്ടാകുന്ന നേർത്ത പാട, പഴങ്ങളോടൊപ്പം ഉള്ളിൽ കഴിച്ചാലും യാതൊരു കുഴപ്പവുമില്ല. മെഴുകു് പുരട്ടിയ പഴങ്ങളും പച്ചക്കറികളും കഴിക്കുന്നതിനു് മുമ്പു് കഴുകണമെന്നില്ല.


——

WANTED qualified teachers for the following vacancies 1) H S A (Mathematics)-1 2) Higher grade Malayalam-1. 3) Drawing (P. T)-1 4) Drill (P. T)-1 All posts are permanent Pay&allowances according to Govt. rates. Retired hands below 59 shall apply Applications should reach the undersigned within 10 days of this advertisement with copy to the D E O Irinjalakuda

Manager,
R. H. S. Thumboor,
(Via) Irinjalakuda

WANTED fully qualified hands within prescribed age limits for appointment in the school under the Management of St Francis H S Mattom as H S: As 2 Mathematics, 2 Social Studies 2 Science, 3 higher grade Mal Pandits, 1 Music and Drill in the lower grade in temporaty vacancies Retired qualified teachers below 59 years may also apply Apply within ten days by registered post to the Manager with copies to D E O. Chowghat.

WANTED fully qualified trained hands, from 1-6-1965, within prescribed age limit, in the scale of Rs 80-165, one for Hindi and two for Malayalam Retired hands below 59 may also apply Apqly within ten days to the Manager, A H S Varandarapilly, with copy to the District Educational Officer, Trichur



"കളിയല്ല കല്യാണ ജീവിതം...."

മുണ്ടിച്ച[illegible]-ജർമ്മൻ മെഡിക്കൽ റിപ്പബ്ലിക്കിന്റെ വാർഷിക ബഡ്ജറ്റിനേക്കാൾ 587-ശതമാനത്തു് "ഇൻഫോർമേഷൻ സ്പീഡിയർ" എന്ന വിഷയവിവരത്തിൻ കീഴിൽ ഒരു ചോദ്യമുണ്ടു്. പൊതുജനാഭിപ്രായം അറിയേണ്ടുന്ന ഏകദേശം 2,000 ചോദ്യങ്ങളിൽ ഒന്നാണതു്. "ഒരാൾക്കു് സന്തോഷത്തോടെ ജീവിക്കാൻ അയാൾ വിവാഹം ചെയ്തിരിക്കണമെന്നു് നിങ്ങൾക്കു് തോന്നുന്നുണ്ടോ?" എന്നാണാ ചോദ്യം.

ഈ ചോദ്യം ആരോടെല്ലാം ചോദിച്ചോ അവരെല്ലാം അതു് ഒരു വകതിരിവില്ലാത്ത ചോദ്യമായി കരുതിയില്ല. അപ്ലൻസുർഗ്ഗിലെ ഡെമസ്ക്കാപ്പിക്കു് ഇൻസ്റ്റിട്യൂട്ട് 1949മുതൽപശ്ചിമജർമ്മൻ സക്കാരിനുവേണ്ടിജർമ്മൻകാരുടെ "മാനസിക പ്രകൃതി" അറിയാൻ ശ്രമിച്ചവരിക്കയാണു്. ഇതിനുമുമ്പു് പ്രസിദ്ധപ്പെടുത്തിയ അവരുടെ കണക്കിൻപ്രകാരം പശ്ചിമ ജർമ്മനിയിലെ പുരുഷന്മാരിൽ 55 ശതമാനവും അവരുടെ ജീവിതം സന്തോഷമായി കഴിയുന്നതിനു് ഒരു ഭാര്യയുടെ ആവശ്യമുണ്ടെന്നു വിചാരിക്കാത്തവരാണു്. ഇപ്പോൾ പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന കണക്കിൻപ്രകാരം ഈ വിഭാഗക്കാർ 49 ശതമാനമേയുള്ളു എന്നാണു് കാണുന്നതു്.

അല്ലൻബ്രഡ്ഗ് ഇൻസ്റ്റിട്യൂട്ടുകാർ, പശ്ചിമ ജർമ്മനിയിലെ വനിതകളോടു് വിവാഹത്തെ സംബന്ധിച്ചു് ചോദിക്കയുണ്ടായി. അവരിൽ 46 ശതമാനം വനിതകളും വിവാഹം കേവലമാത്രമേ ഒരാളെ സന്തുഷ്ടരാക്കുള്ള എന്നു വിചാരക്കാരല്ലായിരുന്നു. 40 ശതമാനം പേർ വിവാഹവും സന്തുഷ്ടിയും ഒരേ അർത്ഥത്തിലുള്ള രണ്ടു വാക്കുകളാണെന്ന അഭിപ്രായക്കാരാണു്. ബാക്കിയുള്ളവർക്കു് ഇതേ സംബന്ധിച്ചു അഭിപ്രായമേ ഇല്ലായിരുന്നു. ഒരുപക്ഷേ അവർ ഒരു നല്ല വരനെ കാത്തിരിക്കുന്നവരായിരിക്കാം.

കണക്കെടുപ്പുകാർ മറ്റു ചില കണക്കുകളും ശേഖരിച്ചിട്ടുണ്ടു്. പശ്ചിമജർമ്മനിയിൽ പ്രായപൂർത്തിയായിട്ടുള്ളവരിൽ 63 ശതമാനവും വിവാഹിതരും 25 ശതമാനം അവിവാഹിതരും ബാക്കിയുള്ളവർ വിവാഹബന്ധം ഒഴിഞ്ഞവരൊ ഭാര്യ മരിച്ചിട്ടുള്ളവരൊ ആണു്. പ്രായപൂർത്തിയാകുന്നതിനു് മുൻപുള്ള വിവാഹങ്ങൾപോലും വർദ്ധിച്ചുവരികയാണിപ്പോൾ. 1910ൽ 100 പുരുഷന്മാരിൽ 13പേർ വീതം അവിവാഹിതരായിരുന്നു. ഇന്നു് അവരുടെ എണ്ണം 100നു് മൂന്നാവീതമായി കുറഞ്ഞിട്ടുണ്ടു്. പല അവിവാഹിതരും "വിവാഹമോചനം" സ്വപ്നം കാണുന്നവരാണു്. ഇവിടെ നടന്ന അവിവാഹിതരുടെ ഒരഭിലാഷം കൺവൻഷനിൽ പലരും അവർ എന്തായാണു് വിവാഹം ചെയ്യാത്തതെന്നു് പ്രസ്താവിക്കയുണ്ടായി. 'അവിവാഹിതർ അവരുടെ സ്വന്തം തീരുമാനങ്ങളിൽ ഉറച്ചുനിൽപ്പാൻ ആഗ്രഹിക്കുന്നു. കൂടാതെ അവർക്കു് കൂടുതൽ ചെലവു് ഉണ്ടാകുമെന്നുള്ള ഭയവും" മറ്റു വിശിഷ്ടമായ ചില കാരണങ്ങളാണു്. താൻ സ്നേഹിച്ചവർ ഇപ്പോഴുള്ള സ്നേഹിക്കാതിരിക്കൽ, ജോലി ത്തിരക്കു്, കൂടുതൽ ഉത്തരവാദിത്വം, സ്വയം ഒരു മോശക്കാരനെന്നുള്ള വിചാരം ഇവയെല്ലാം മറ്റു ചില കാരണങ്ങളാണു്. പശ്ചിമ ജർമ്മനിയിലെ 90 ലക്ഷം അവിവാഹിതരുടെ വിവാഹിതസ്സിനു കാരണം ഒരുവിധം ന്യായമാണു്. അവരിൽ പലരും വിവാഹം ചെയ്യാൻ തീച്ചയ്ക്കേയിരുന്നവർ കഴിഞ്ഞ രണ്ടു ലോകമഹായുദ്ധങ്ങളിലായി മരിച്ചുപോയിരുന്നു. അവരുടെ നിർഭാഗ്യം അവിവാഹിതരായ പുരുഷന്മാരുടെതിനേക്കാൾ കഷ്ടമാണു്. അവിവാഹിതനായ ഒരു പുരുഷനെ "നവതപുള്ളവനായും അവിവാഹിതയായ ഒരു വനിതയെ സാധാരണയായി ഒരു വല്യമ്മയുമായിട്ടാണു് കരുതപ്പെടുന്നതു്.

[യു. പി. ഏജൻസ്.]

മൂന്നു ബ്രിട്ടീഷ് ചലച്ചിത്രതാരങ്ങൾക്കു് ഓസ്കാർസമ്മാനം

ലണ്ടൻ, മെ. 17

അമേരിക്കയിൽനിന്നുള്ള ചിത്രങ്ങളിലെ ഏറ്റവും മെച്ചമായ അഭിനയത്തിനു് മൂന്നു് ബ്രിട്ടീഷ് ചലച്ചിത്രതാരങ്ങൾക്കാണു്— ജൂലി ആൻഡ്രൂസ്, റെക്സ് ഹാരിസൺ, പീറർ ഒസ്സ്നോവ്— ഇത്തവണ ഓസ്കാർ സമ്മാനം ലഭിച്ചതു്.

വാൾട്ട് ഡിസ്നെയുടെ മേരിപോപ്പിൻസ് എന്ന ചിത്രത്തിൽ ജാലവിദ്യക്കാരി നാനിയുടെ ഭാഗമഭിനയിച്ച മുപ്പത്തുകാരിയായ ജൂലിആൻഡ്രൂസ് ഇക്കൊല്ലത്തെ ഏറ്റവും മികച്ച നടിയായി പ്രഖ്യാപിക്കപ്പെട്ടു.

മൈ ഫെയർ ലേഡിയിലെ പ്രൊഫസർ ഹിഗിൻസിന്റെ ഭംഗം തന്മയത്വത്തോടെ അഭിനയിച്ച ഫലിപ്പിച്ച അനന്യസാധാരണമായ സാമർത്ഥ്യത്തിനാണു് റെക്സ് ഹാരിസണു് ഇക്കൊല്ലത്തെ മികച്ച നടനായി തെരഞ്ഞെടുക്കപ്പെട്ട.

ജോർജ് ബർണാർഡ് ഷോയുടെ പിഗ്മാലിയൻ എന്ന നാടകത്തെ അടിസ്ഥാനമാക്കി തയാറാക്കിയ മൈഫെയർ ലേഡിയാണു് ഇതുവരെ നിർമ്മിക്കപ്പെട്ടിട്ടുള്ളവയിൽ ഏറ്റവും വിജയകരമായ സംഗീതചലച്ചിത്രം. ഇതിനു് എട്ടു് ഓസ്കാർസമ്മാനങ്ങളാണു് നേടാൻ കഴിഞ്ഞതു്.

ഇക്കൊല്ലത്തെ ഏറ്റവും നല്ല ഫിലിമെന്നു് തീരുമാനിക്കപ്പെട്ട മൈ ഫെയർ ലേഡിയുടെ നിർമ്മാതാവിനും അതു് ഒരു ഓസ്കാർ നേടിക്കൊടുത്തു.

ഏറ്റവുംനല്ല സഹനടൻ എന്നനിലയിൽ ഓസ്കാർസമ്മാനത്തിനർഹനായതു് 44-കാരനായ പീറർ ഒസ്നോവാണു്.

....

വിമാനച്ചന്ത

സ്റ്റാട്ട്ഗാട്ട്—പഴയ വിമാനങ്ങൾ വിപ്ലവൻ ഇപ്പോഴാണു് ആദ്യമായി ഒരു ചന്ത തുടങ്ങിയിട്ടുള്ളതു്. അവിടെ വില്പനക്കായി വെച്ചിരുന്ന 50 പഴയ വിമാനങ്ങളിൽ ഏറ്റവും പഴയതു് 1947-ൽ നിർമ്മിക്കപ്പെട്ടിരുന്ന ഒരു സ്റ്റോട്ട്സ് വിമാനമായിരുന്നു. ബാക്കി എല്ലാം 12 കൊല്ലത്തിനു് താഴെ പഴക്കമുള്ളവയെ ആയിരുന്നുള്ളു. പശ്ചിമ ജർമ്മനിയിൽ 1.500 സ്വകാര്യ വിമാനങ്ങളുണ്ടു്. അവിടെ രജിസ്റ്റർ ചെയ്തിരിക്കുന്ന വിമാനങ്ങളിൽ മൂന്നിരട്ടിയുണ്ടു്. 100 ചതുരശ്ര മൈലിനു് കേരളത്തിൽ ശരാശരി 128 മോട്ടോർ വാഹനങ്ങളും ഉള്ളപ്പോൾ ഇന്ത്യയിലാകെ 44 എണ്ണമേ ഉള്ളു. ക്രമീകൃതമായ രീതിയിൽ ഇവിടെ ദേശസാൽക്കരണം നടപ്പിൽവരുത്തേണ്ടതിനെറ ആവശ്യകതയെയാണു് ഇതു കാണിക്കുന്നതെന്നു് ചൂണ്ടിക്കാണിക്കപ്പെടുന്നു. ഇക്കാര്യം ഗൌരവമായി പരിഗണിക്കപ്പെട്ടിട്ടുണ്ടെന്നുള്ളതിനെയാണു് റോഡുഗതാഗത കോപ്പുറേഷന്റെ രൂപീകരണം സൂചിപ്പിക്കുന്നതു്.

8 റയിൽവേകൾ

നാലാം പദ്ധതിക്കാലത്തു് സംസ്ഥാനത്തു് എട്ടു് റെയിൽവേ പണികൾ നടത്തണമെന്നു് നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു. എറണാകുളം-കൊല്ലം റയിൽവേ ബ്രോഡ്ഗേജാക്കണം. കൊച്ചി-കോയമ്പത്തൂർ ലൈൻ ഇരട്ടയാക്കണം, കോട്ടയത്തുനിന്നു് പീരുമേട്ടേ-കുമിളിയും വഴി ബോഡിനായ്ക്കന്നൂർ റയിൽവേ ഉണ്ടാക്കണം, തലശ്ശേരി-മൈസൂർ' ആലപ്പുഴ വഴി കായംകുളം-എറണാകുളം, തിരുവനന്തപുരം കന്യാകുമാരി എന്നിവയിൽവേകൾ സ്ഥാപിക്കണം. ഷൊർണൂർ-മംഗലാപുരം ലൈൻ ഇരട്ടിപ്പിക്കണം, കറാപ്പാത്തുനിന്നു് ഗ്രൂവായൂരും-കൊടുങ്ങല്ലൂരും വഴി ലൈനിടണം, എന്നിവയാണു് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളതു്.

ജലഗതാഗതം വർദ്ധിപ്പിക്കുന്നതിനു് അഞ്ചരക്കോടി രൂപാ ചിലവു് ചെയ്യണമെന്നു് ഉദ്ദേശിച്ചിട്ടുണ്ടു്. വടകര-വളപട്ടണംതോടു് വെസ്റ്റ്കോസ്റ്റ് തോടു് നന്നാക്കൽ, തന്നൂർ-കാറ്റുടി തോടു് തുടങ്ങിയവയാണു് ഉദ്ദേശിച്ചിട്ടുള്ള പദ്ധതികൾ.

കൊച്ചിയിലേയും, തിരുവനന്തപുരത്തേയും വിമാനത്താവളങ്ങൾ ജറ്റ് വിമാനങ്ങൾക്കു് ഇറങ്ങത്തക്കവിധം സജ്ജമാക്കണമെന്നും, കോഴിക്കോടു് വിമാനത്താവളം പണിയണമെന്നും നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു. (കെ. പ്ര)

....o....

നാലാം പഞ്ചവത്സരപദ്ധതിയും കേരളവും (VIII)

ഗതാഗത വികസന പരിപാടികൾ

കേരളത്തിന്റെ വ്യത്യസ്ത ഭാഗങ്ങളായിരുന്ന തിരുവിതാംകൂർ, കൊച്ചി, മലബാർ എന്നീ പ്രദേശങ്ങളിലെ ഗതാഗത സൌകര്യങ്ങളും ഒരുപോലെയായിരുന്നു. തിരുവിതാംകൂർ പ്രദേശത്തു് സാമാന്യം നല്ല ഗതാഗത സൌകര്യമുണ്ടായിരുന്നു. കൊച്ചി പ്രദേശത്തെ സ്ഥിതിയും തരക്കേടില്ലായിരുന്നെങ്കിലും മലബാറിന്റെ സ്ഥിതി പിന്നോക്കമായിരുന്നു. അതിനാൽ മൂന്നു പ്രദേശത്തും ഒരുപോലെയുള്ള ഗതാഗതസൌകര്യങ്ങളുണ്ടാക്കുവാൻ ശ്രദ്ധിച്ചുവരുന്നു. കൂടുതൽ റോഡുകളുണ്ടാക്കുന്നതോടൊപ്പം, ഉള്ളവ മെച്ചപ്പെടുത്തുകയും, വേണ്ടിയിരിക്കുന്നു. 1971 ആകുമ്പോഴേയ്ക്കും റോഡുഗതാഗതം 60 ശതമാനം മെച്ചപ്പെടുത്തണമെന്നാണു് നിർദ്ദേശിക്കപ്പെട്ടിരിക്കുന്നതു്.

റോഡുനിർമ്മാണത്തിനു 30 കോടി ക.

നാഷണൽ ഹൈവേകൾ കൂടാതെ സംസ്ഥാന വിഭാഗത്തിലുള്ള റോഡുകൾക്കായി 30 കോടി രൂപാ ചിലവു് വരുമെന്നാണു് പ്രതീക്ഷ. റോഡുകളെ സംസ്ഥാന ഹൈവേകൾ, മേജർ ഡിസ്ട്രിക്ട്. റോഡുകൾ, മറ്റു ഡിസ്ട്രിക്ട് റോഡുകൾ മുനിസിപ്പൽ റോഡുകൾ എന്നിങ്ങനെ തിരിച്ചു് അവ വിപുലീകരിക്കുകയും മെച്ചപ്പെടുത്തുകയും ചെയ്യുന്നതിനുള്ള പ്രത്യേക പരിപാടികൾ തയ്യാറാക്കിയിരിക്കുന്നു.

സംസ്ഥാനത്തിലെ പാലങ്ങൾ പലതും ഭാരം താങ്ങുന്നതിനുവേണ്ടി പോകാറില്ല എന്ന വസ്തുതപോലും മനസ്സിലാക്കിയിട്ടില്ലാത്ത കഥാകൃത്തിനെ ജോൺസൺ എന്നല്ലാ യൂദാസെന്നോ ഗോപാലനെന്നോ വിളിക്കുന്നതായിരിക്കും കൂടുതൽ ഉത്തമം.

— മാത്തു, കളത്തുവയൽ.

പഴങ്ങൾ മെഴുക് പുരട്ടി സൂക്ഷിക്കുന്നു

ന്യൂഡൽഹി, മെയ് 18

മാമ്പഴം, മധുരനാരങ്ങ തുടങ്ങിയ പഴവർഗ്ഗങ്ങളും ഉരുളക്കിഴങ്ങു്, തക്കാളി തുടങ്ങിയ പച്ചക്കറികളും മെഴുകു് പുരട്ടി സൂക്ഷിച്ചാൽ വളരെനാൾ കേടുകൂടാതെ ഇരിക്കുമെന്നു് ഒമൈസൂരിലെ കേന്ദ്ര ഭക്ഷ്യസാങ്കേതിക ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ട് നടത്തിയ പരീക്ഷണങ്ങൾ വെളിപ്പെടുത്തുന്നു. ഇന്ത്യയിൽ പഴങ്ങളുടേയും പച്ചക്കറികളുടേയും വിപണനം മെച്ചപ്പെടുത്തുന്നതിനുള്ള വമ്പിച്ച സാദ്ധ്യതകളിലേയ്ക്കു ഈ കണ്ടുപിടുത്തം വിരൽചൂണ്ടുന്നുണ്ടു്. ഈ മാർഗ്ഗം പഴങ്ങൾക്കും മറ്റും കൂടുതൽ ജീവിതദൈർഘ്യം മാത്രമല്ല നല്ല ശോഭയും നൽകുന്നതുകൊണ്ടു് അവയുടെ വിപണനമൂല്യം വർദ്ധിക്കുന്നു.

മെഴുകു് പുരട്ടുന്ന രീതി സരളവും ചെലവു് കുറഞ്ഞതുമാണു്. കൃഷിക്കാർക്കു് തോട്ടത്തിൽവെച്ചുതന്നെ ഇതു ചെയ്യാൻ കഴിയും. മാമ്പഴം, മധുരനാരങ്ങ, ആപ്പിൾ തുടങ്ങിയവയ്ക്കു് ഏറിനു് 13 പൈസയിൽ കൂടാവേ ചെലവു് വരൂ. 100 കായുള്ള പഴക്കുലയ്ക്കു് ആറ് പൈസയും.

മെഴുകിന്റെ 12 ശതമാനം ഗാഢതയുള്ള എമൽഷനാക്കും ഇൻസ്റ്റിറ്റ്യൂട്ട് തയ്യാറാക്കിയിട്ടുണ്ടു്. പഴങ്ങളിലും മറ്റും മെഴുകു് പുരട്ടുന്നതിനു് ഇവ വെള്ളം ചേർത്തു് മൂന്നു ശതമാനം ഗാഢതയുള്ളതാക്കണം. ഇതിൽ പഴങ്ങൾ ഒരു മിനിട്ടോളം മുക്കിവെച്ചശേഷം തണലിൽ ഉണങ്ങാൻ വെയ്ക്കുന്നു. പത്തു പതിനഞ്ചു് മിനിട്ടുകൊണ്ടു് ഉണങ്ങിക്കിട്ടും. അപ്പോൾ പഴങ്ങളുടെ മീതെ മെഴുകിന്റെ നേർത്ത പാട പിടിച്ചിരിക്കും.

വിവിധതരം പഴങ്ങൾക്കും പച്ചക്കറികൾക്കും യോജിച്ച എമൽഷനകം ഇൻസ്റ്റിറ്റ്യൂട്ട് തയ്യാറാക്കിയിട്ടുണ്ടു്. സംരക്ഷണ സാദ്ധ്യത വർദ്ധിപ്പിക്കാനും കൂടുതൽ മിനുക്കം നൽകാനും ഇവയിൽ പുഷ്പ വാർണിഷുകളും അരക്കും മറ്റും ചേർക്കാറുണ്ടു്.

മെഴുകു് പുരട്ടുമ്പോൾ രണ്ടു കാര്യങ്ങളിൽ ശ്രദ്ധിക്കണം. ഒന്നാമതായി മൃദുജലംകൊണ്ടുവേണം എമൽഷൻ നേർപ്പിക്കാൻ. സോപ്പ് നല്ലപോലെ പതയുന്നതാണു് മൃദുജലത്തിന്റെ ലക്ഷണം. മഴവെള്ളവും നദീജലവും റെയിൽവേ സ്റ്റേഷനുകളിൽ കിട്ടുന്ന വെള്ളവും സാധാരണ മൃദുവായിരിക്കും. രണ്ടാമതായി, കന്പോളത്തിലേക്കു് അയക്കുന്നതിനു് പാക്കുചെയ്യുമ്പോൾ എമൽഷൻ നല്ലപോലെ ഉണങ്ങിയിരിക്കണം. പാറിച്ചയുടനെ തന്നെ മെഴുകു് പുരട്ടുന്നതാണു് കൂടുതൽ പ്രയോജനകരം.

മെഴുകു് പുരട്ടിയതുകൊണ്ടു് പഴങ്ങളിലും മറ്റുമുണ്ടാകുന്ന നേർത്ത പാട, പഴങ്ങളോടൊപ്പം ഉള്ളിൽ കഴിച്ചാലും യാതൊരു കുഴപ്പവുമില്ല. മെഴുകു് പുരട്ടിയ പഴങ്ങളും പച്ചക്കറികളും കഴിക്കുന്നതിനു് മുമ്പു് കഴുകണമെന്നില്ല.

——

ഗണപതിക്കുവച്ചതു് കാക്കകൊണ്ടുപോയി

പിറയിൻകീഴ്-സ്ഥലം റെയിൽവേ സ്റ്റേഷൻ പരിസരത്തു് സൈഡ് വിഭാഗം നടത്തുന്ന ചില പെട്ടിപ്പകാർ ഒരു യുവതിയെ തട്ടിക്കൊണ്ടുപോയ ഒരു സംഭവം ഇവിടെ ഉണ്ടായിരിക്കുന്നു.

വക്കലയിൽനിന്നും കഴിഞ്ഞദിവസം രാത്രി 7 മണിക്കുള്ള തീവണ്ടിയിൽ ഒരു യുവതിയും അവളുടെ കാമുകനും യാത്രതിരിച്ചു. യുവതി ലേഡീസ് കമ്പാർട്ടുമെന്റിലും യുവാവു് പുരുഷന്മാരുടെ കമ്പാർട്ടുമെന്റിലുമാണു് യാത്രചെയ്തിരുന്നതു്. ഇവർ കാമുകീകാമുകന്മാരാണെന്നാണു് പറയപ്പെടുന്നതു്. 'ഒരുല്ലാസ്'യാത്രയ്ക്കു് ഇറങ്ങിത്തിരിച്ചതാണെത്രെ.

സ്ഥലപരിചയമില്ലാത്ത യുവതി റെയിൽവേസ്റ്റേഷന്റെ മഹാഗ്രൌണ്ടിൽ ഒറ്റയ്ക്കിരിക്കുന്നതു് ചില സൈഡ വിഹാരക്കാരുടെ ദൃഷ്ടിയിൽപ്പെട്ടു. അവർ ഉടനെ യുവതിയെ കാക്കാരങ്ങുമ്പോലെ റാഞ്ചിക്കൊണ്ടു് ഇരുട്ടിൽ മറഞ്ഞു. സ്റ്റേഷനിൽ ഇറങ്ങിയ കാമുകൻ അവിടെയെല്ലാം തിരഞ്ഞുനടന്നിട്ടും തന്റെ കാമുകിയെ കണ്ടുകിട്ടിയില്ല. അതോടെ കാമുകനെയും ചില സൈഡവിഹാരക്കാർ കളിയാക്കാൻതുടങ്ങി. ദുഃഖിതനായ ക

WANTED fully qualified hands within the prescribed age limits for appointment under this management, K B T S Panangad for the post of Head Master I (Basic trained with 12 years teaching experience) and Basic trained Training School Assistants in Mathematics I, Social Studies I, General Science I, and Craft teacher (Part time)1, All the posts are Permanent and carry Pay and allowances at Govt rates. Basic trained qualified hands with not less than 7 years of Teaching Experience may apply for the post of Head Master. Retired qualified teachers below 59 may also apply Apply within 10 days by Registered Post to the Manager with copies to the District Educational Officer, Irinjalakuda

Panangad, Manager,
17-5-1965 Krishna Basic Training School, P. O Panangad.

WANTED fully qualified hands within the prescribed age limits for appointments under this Management as High School Assistant in General Science I, Malayalam Higher Grade (Part time) I & Specialist teacher in Music (Part time) I, Posts are Permanent and carry pay and allowances at Govt rates, Retired qualified teachers below 59 may also apply Apply within 10 days by Registered Post to the Manager with copies to the District Educational Officer, Irinjalakuda.

Panangad, Manager,
17-5-65 High School, Panangad
P. O Panangad


WANTED a fully qualified Malayalam language teacher in the grade of 80-165. Vacancy permanent. Only fully qualified hands need apply. Miles deferred. Retired qualified teachers below 59 may also apply. Apply within 10 days by registered post to the Manager, H. S. Arrattukara with copy to D E O., Trichur.

WANTED fully qualified hands within the prescribed age limits for the appointments under the management in the P. C G. H. School, Illikulangara, as H. S. A's in Physical Science one, Mathematics one, U. p. S. A's three, Malayalam Pandit in the grade of Rs. 60-100 P. T. one in temporary vacancies. Retired qualified teachers below 59 years may also apply. Apply within 10 days by registered post to the Manager with copies to the D. E. O. Irinjalakuda.

WANTED fully qualified hands within prescribed age limit for appointment as (1) H S As in temporary vacancies two each in Mathematics and History), (ii) as Senior grade Malayalam teacher in permanent vacancy (one only), (iii as part time Malayalam teacher in temporary vacancy (one only). Apply within ten days to the Manager, St Antony's High School, Mala with a copy to the DEdu. Officer, Irinjalakuda.

WANTED a fully qualified hands within the prescribed age limits for appointment in the school under the management of the U School Karayamuttam P. O. as Physical training Instructor in a permanent vacancy. Retired qualified teachers below 59 may also apply. Apply within 10 days by Regd. Post to the Manager with a copy to the A. E. O. Chalakudy.

Favours Received



M. C. ROSY
Valapad'

പഠനകാലത്തെ അച്ചടക്കബോധം വിദ്യാർത്ഥികൾക്ക് ഭാവിയിലേയ്ക്കുള്ള മുതൽക്കൂട്ട്

എൻ. സി. സി. റാലിയിൽ സാമുവൽ മത്തായി

[സ്വ. ലേ] എറണാകുളം, മെ. 18

വിദ്യാർത്ഥികൾക്കിടയിൽ അച്ചടക്കബോധത്തിന്റെ പരമപ്രധാന്യം കേരള സർവ്വകലാശാലയുടെ വൈസ് ചാൻസലർ പ്രൊഫസർ സാമുവൽ മത്തായി ഇന്നിവിടെ ഉദ്ഘാടിച്ചു. ശാരീരികവും മാനസികവുമായ അച്ചടക്കമില്ലെങ്കിൽ, വ്യക്തികളും രാഷ്ട്രവുമെന്നുമില്ലാതെ നമുക്ക് യാതൊന്നും കൈവരിക്കുവാൻ കഴിയുന്നതല്ലെന്നു അദ്ദേഹം പറഞ്ഞു.

ഇവിടെ ഗവർമെണ്ട് ഗേൾസ് ട്രെയ്നിങ്ങ് കോളേജിൽ മേയ് 10-ാംതു മുതൽ നടന്നുവരുന്ന കേരള എൻ സി. സി. നാവിക വിഭാഗം സീനിയർ ഡിവിഷന്റെ വാർഷിക പരിശീലന ക്യാമ്പിലെ കേഡറുകൾക്കു ദർബാർഹാൾ മൈതാനിയിൽ നടത്തിയ സൈമോണിയൽ പരേഡിൽ സല്യൂട്ട് സ്വീകരിച്ച ശേഷം പ്രസംഗിക്കുകയായിരുന്നു പ്രൊഫസർ മത്തായി.

എൻ സി. സി യിൽനിന്ന് ലഭിക്കുന്ന സൈനിക പരിശീലനവും അച്ചടക്കവും ഭാവിജീവിതത്തിൽ അഭിമാനപൂർവ്വം തല ഉയർത്തിപ്പിടിച്ച് നടക്കുവാൻ കേഡറുകളെ സഹായിക്കുമെന്ന് അദ്ദേഹം പ്രസ്താവിച്ചു. മാതൃഭൂമിക്കുവേണ്ടി തങ്ങളുടെ സേവനം പരിപൂർണ്ണമനസ്സോടെ സമർപ്പിച്ച് കേരള സർവ്വകലാശാലയുടെ ഉന്നത പാരമ്പര്യങ്ങൾ ഉയർത്തിപ്പിടിക്കുവാൻ വൈസ് ചാൻസലർ കേഡറുകളെ ഉൽബോധിപ്പിച്ചു.

കോഴിക്കോട്ടെ ഗുരുവായൂരപ്പൻ കോളേജ്, സെൻറ് ജോസഫ്സ് കോളേജ്, മലബാർ ക്രിസ്ത്യൻ കോളേജ്, ഫാറൂക്ക് കോളേജ്, എറണാകുളത്തെ മഹാരാജാസ് കോളേജ്, സേക്രഡ് ഹാർട്ട്സ് കോളേജ്, സെൻറ് ആൽബർട്സ് കോളേജ്, തിരുവനന്തപുരത്തെ യൂണിവേഴ്സിറ്റി കോളേജ്, മഹാത്മാഗാന്ധികോളേജ്, മാർ ഇവാനിയോസ് കോളേജ് എന്നിവിടങ്ങളിലെ 270 കേഡറുകൾ പരിശീലന ക്യാമ്പിൽ സംബന്ധിക്കുന്നുണ്ട്. ഇവർക്ക് പരേഡ്, റൈഫിൾ ഡ്രിൽ, സീമൻഷിപ്പ്, സൈമഫോർ വെടിവെയ്പ്, വഞ്ചി തുഴയൽ തുടങ്ങിയവയിൽ അടിസ്ഥാനപരമായ നാവിക പരിശീലനം നൽകിവരുന്നു. മേയ് 23-ാംതു സമാപിക്കുന്ന ക്യാമ്പിന്റെ നേതൃത്വം കമാണ്ടർ കെ. ആർ. രാഘവനാണ്.

....

മെമ്മോറാണ്ടം നൽകി

(പി. ടി. ഐ.) തിരു. മേ. 18

ഇപ്പോൾ നൽകിവരുന്ന റേഷൻ അളവ് വർദ്ധിപ്പിക്കണമെന്നും സ്റ്റാറ്റ്യൂട്ടറി റേഷനിങ്ങ് ഏർപ്പെടുത്തണമെന്നും ആവശ്യപ്പെടുന്ന ഒരു മെമ്മോറാണ്ടം ഇടതുപക്ഷ കമ്മ്യൂണിസ്റ്റ് പാർട്ടിക്കുവേണ്ടി ഇ എം. എസ്. നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിലുള്ള ഒരു നിവേദനസംഘം ഇന്ന് ഗവർണ്ണർക്ക് സമർപ്പിച്ചിരിക്കുന്നു.

മണ്ണെണ്ണ ടൈൽലഭ്യം പരിഹരിക്കൻ ഉടനടി നടപടികൾ സ്വീകരിക്കുന്നതിനും നിവേദനത്തിൽ അവർ ആവശ്യപ്പെട്ടു.

സംസ്ഥാന ഭക്ഷ്യോപദേശക സമിതി ചൂണ്ടിക്കാണിച്ച് അല്പം മുമ്പായിട്ടാണ് മെമ്മോറാണ്ടമുപഹാരം നടന്നതു്.

[പി. ടി ഐ] മദിരാശി, മേ. 18

ഉപഭോക്താക്കൾക്കു നൽകപ്പെടുന്ന ഭക്ഷ്യധാന്യങ്ങളുടെ സംബന്ധിച്ചുള്ള തോതും ഗുണനിയന്ത്രണം കർശനമായി നടപ്പാക്കാൻ ഗവർമെണ്ടു് നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്നു് മന്ത്രി സി. സുബ്രമണ്യം ഇന്നിവിടെവച്ചു് പ്രസ്താവിച്ചിരിക്കുന്നു.

തിരുവനന്തപുരത്തേക്കുള്ള യാത്രാമധ്യേ ഇവിടെയെത്തിയ മന്ത്രി പത്രലേഖകന്മാരായി സംസാരിക്കുകയായിരുന്നു.

കല്ലൂക്കുട്ടിച്ചേത്ത താണതരം അരിയാണു് മദിരാശി നഗരത്തിൽ വിതരണം ചെയ്യുന്നതെന്നുള്ള പരാതികൾ പത്രലേഖകർ മന്ത്രിയുടെ ശ്രദ്ധയിൽ പെടുത്തിയപ്പോൾ അതേപ്പറ്റി ഗവണ്മെണ്ടു് അന്വേഷിച്ചുവരികയാണെന്നു് മന്ത്രി പറഞ്ഞു.

പരസ്യ വിപണിയിൽ വിലക്കയറ്റമുണ്ടെന്നതൊഴിച്ചാൽ കേരളത്തിലെ ഭക്ഷ്യനില സാധാരണ ഗതിയിലാണെന്നു് മന്ത്രി പറഞ്ഞു.

—൦—

കഴിഞ്ഞമാസത്തിൽ 37 അഴിമതി കൃത്യങ്ങളെ ചങ്ങലയ്ക്കിട്ടുപൂട്ടി

ആഭ്യന്തരവകുപ്പിന്റെ റിപ്പോർട്ട്

തിരുവനന്തപുരം, മേയ് 17

വിവിധ അഴിമതിക്കാറങ്ങൾക്കായി കഴിഞ്ഞ ഏപ്രിൽമാസത്തിൽ സംസ്ഥാനത്തെ 37-ഗവണ്മെണ്ടു് ജീവനക്കാരുടെ മേൽ ആഭ്യന്തരവകുപ്പ് നടപടികൾ കൈക്കൊണ്ടിരിക്കുന്നു. ഇതിൽ 18 കേസ്സുകൾ അന്വേഷണത്തിനായി എക്സ്ട്രാ ഡിപ്പാർട്ടുമെന്റൽ വിജിലൻസ് ഡിവിഷനും അഞ്ചുകേസ്സുകൾ അച്ചടക്കനടപടികൾക്കായി ടൈബ്യൂണലിനും വിടുകയുണ്ടായി.

പ്രസ്തുത മാസത്തിൽ മേലാറ്റൂർപോലീസ് ഇൻസ്പെക്ടർ ശ്രീ കൃഷ്ണപിള്ള, പട്ടാമ്പി പോലീസ് സ്റ്റേഷനിലെ കൺസ്റ്റബിൾമാരായ കൃഷ്ണൻനായർ, ബാലകൃഷ്ണൻനായർ, പള്ളിച്ചൽ വില്ലേജ് ആഫീസർ പി. സുരേന്ദ്രപ്പണിക്കർ എന്നിവരെ അവരുടെപേരിൽ എടുത്തിട്ടുള്ള അച്ചടക്കനടപടികൾ പൂർത്തിയാക്കുന്നതിന് വിജിലൻസ് ഡിവിഷൻ സർവ്വീസിൽനിന്നും സസ്പെൻഡ് ചെയ്തു.

വെളിയനാട് ബ്ലോക്കിലെ അക്കൌണ്ട്സ് ക്ലർക്ക് കെ. ആർ. വാസുദേവൻനായർ, എഞ്ചിനീയർ ഹരിജൻ ഹോസ്റ്റൽ അറാൻ ഡായിരുന്ന പി. എസ്. വേലായുധൻ എന്നിവരെ കഴിഞ്ഞമാസം സർവ്വീസിൽനിന്നും നീക്കംചെയ്തിട്ടുണ്ട്. ഹിന്ദു റിലിജിയസ് ആൻറ് ചാരിറ്റബിൾ എൻഡോവ്മെൻറ് അഡിമിനിസ്ട്രേഷൻ ഡിപ്പാർട്ടുമെൻറിലെ ലോവർഡിവിഷൻ ക്ലർക്ക് പി. കെ. എം. കുഞ്ഞിമുഹമ്മദൻ, നേമം പോലീസ്സ്റ്റേഷനിലെ കൺസ്റ്റബിളായിരുന്ന ശ്രീ എൻ. കൃഷ്ണൻനായർ, ആലപ്പുഴ വില്ലേജ് ആഫീസറായിരുന്ന ശ്രീ. എ. ബി. മൈക്കേൽ എന്നിവരെ നിർബന്ധിത പെൻഷൻ നല്കി സർവ്വീസിൽനിന്നും പിരിച്ചയച്ചു. മൈക്കേലിന്റെ പെൻഷൻ 25ശതമാനം കുറയ്ക്കുകയും ചെയ്തിട്ടുണ്ട്.

[സ്വ. ലേ]

അടിയറവെച്ചതു മതി; ഇനിയും ഒട്ടുമരുതു്

ഇന്ത്യയെപ്പോലെ സ്വന്തം പ്രദേശം അക്രമികൾക്കു വിട്ടുകൊടുത്ത മറ്റൊരു രാജ്യം ഭൂമുഖത്തില്ലെന്നു് ലോഹ്യ

പി. ടി. ഐ. ന്യൂഡൽഹി, മെ. 18

റാൺ ഓഫ് കച്ചിലായാലും മറ്റെവിടെയായാലും ഇനിയെങ്കിലും ഒരൊറ്റ തുണ്ടു ഭൂമി ഒരൊറ്റ അക്രമിക്കും അടിയറവെയ്ക്കരുതെന്നു് സോഷ്യലിസ്റ്റ് നേതാവു് റാംമനോഹർ ലോഹ്യ ഇന്നിവിടെവച്ചു് പ്രസ്താവിച്ചിരിക്കുന്നു.

കിഴക്കൻ ജർമ്മനി, അഫ്ഗാനിസ്ഥാൻ എന്നിവിടങ്ങളിൽ പര്യടനത്തിനു പുറപ്പെടുന്നതിനു മുമ്പായി പത്രലേഖകരോടു സംസാരിക്കുകയായിരുന്നു അദ്ദേഹം. ഇന്ത്യയേപ്പോലെ 1947 മുൽസ്വന്തം പ്രദേശം കൂടുതലുകുമികൾക്ക് അടിയറവച്ചുകൊണ്ടിരിക്കുന്ന മറ്റൊരു രാജ്യം ഭൂമുഖത്തില്ലെന്നു് ലോഹ്യ പറഞ്ഞു. വിജയമോ, വിനാശമോ എന്തുമാകട്ടെ, അക്രമിയെ ദൃഢമായി പെരുക്കേണ്ടകാലം അതിക്രമിച്ചിരിക്കുന്നു.

ലോഹ്യയോടൊപ്പം മധുലിമായേയും ഫോകുനുണ്ട്. കിഴക്കൻ ജർമൻ സന്ദർശനത്തിനുശേഷം ലോഹ്യ അഫ്ഗാനിസ്ഥാൻ സന്ദർശിക്കുന്നതും ഇപ്പോൾ അവിടെ കഴിയുന്ന അബ്ദുൾഗാഫർ ഖാനെ കാണുന്നതുമാണ്.

ഇന്ത്യയും പാകിസ്ഥാനുംചേർന്ന ഒരു കോൺഫെഡറേഷൻ വേണമെന്ന ലോഹ്യ ആവർത്തിച്ചു. അതുപോലെ തന്നെ കി. ജർമനിയും പ. ജർമനിയും തമ്മിലും ഒരു കോൺഫെഡറേഷൻ ഉണ്ടാവണം. രാഷ്ട്രങ്ങളുടെ ഉത്തിമമായ വിഭജനമാണ് ഈ യുഗത്തിലെ ഏറ്റവും വലിയപാതകം. ഇതിനു പ്രധാന ഉത്തരവാദികൾ ബ്രിട്ടനും അമേരിക്കയും പൈനയുമാണ്.

ഈ യുഗത്തിലെ 'ഹിറ്റ്ലറുടെ ജർമനി'യാണു് പൈനയെന്നു് ലോഹ്യ വിവരിച്ചു.സ്വന്തം അനുഭവജ്ഞാനത്തെ അടിസ്ഥാനമാക്കിയുള്ള ഈ വിദേശനയമാണു് ഇന്ത്യയ്ക്കുവശ്യം. പൈനയുടെ ആക്രമണത്തിനിരയായ ഏകരാജ്യം ഇന്ത്യയാണെന്നോർക്കണം. സ്വാതന്ത്ര്യസമ്പാദനത്തിനുശേഷം 'കടംവാങ്ങിയ അനുഭവജ്ഞാന'ത്തിന്മേലാണു് ഇന്ത്യയുടെ വിദേശനയത്തിനു രൂപം കൊടുത്തുവരുന്നതു്.

പ്രയുക്തപോഷകാഹാരപരിപാടി നാലാംപദ്ധതിയിൽ 1000 ബ്ലോക്കുകളിൽ നടപ്പാക്കും

ന്യൂഡൽഹി, മെയ് 18

ഇന്നിവിടെ സമാപിച്ച, പ്രയുക്ത പോഷകാഹാരപരിപാടിയുടെ സംസ്ഥാന തല ഏകോപനപ്രവർത്തകരുടെ ടെറിനസമ്മേളനം, പരിപാടി നടപ്പാക്കുന്നതിന്റെ പുരോഗതി പ്രത്യവലോകനം ചെയ്യുകയും പരിപാടി ഉജ്ജീവിതപ്പെടുത്തുന്നതിനും വിപുലീകരിക്കുന്നതിനും മാർഗ്ഗങ്ങൾ ആരായുകയുമുണ്ടായി. യൂണിസെഫ്, ലോകാരോഗ്യസംഘടന, ലോകഭക്ഷ്യ-കൃഷിസംഘടന എന്നിവയുടെയും ബന്ധപ്പെട്ട കേന്ദ്രവകുപ്പുകളുടേയും പ്രതിനിധികളും സമ്മേളനത്തിൽ പങ്കെടുത്തിരുന്നു.

ഉത്പാദനം, വിതരണം, പരിശീലനം, വിദ്യാഭ്യാസത്തിൽ ഉടങ്ങി പരിപാടിയുടെ വിവിധ വശങ്ങൾ സമ്മേളനം ചർച്ചചെയ്തു. പരിപാടിയുടെ വിവിധ വശങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ അതാവിഷ്കരിക്കുകയുണ്ടായി. ഓരോ പ്രയുക്തപോഷകാഹാരപ്പൊതിയും ആരോഗ്യകരമായ പരമാവധി പ്രവർത്തനശേഷി കൈവരിക്കുൻ കഴിയുമാറ് പരിപാടിയുടെ ഓരോ വശവും പടിപടിയായി ശക്തിപ്പെടുത്തണമെന്ന് തീരുമാനിക്കപ്പെട്ടു. തോട്ടകൃഷി, കോഴിവളർത്തൽ, ഫിഷറീസ് തുടങ്ങി പരിപാടിയുടെ ഉത്പാദനവശങ്ങളും സായോജിപ്പിക്കുന്നതിനു് സമ്മേളനം നടപടികൾ നിർദ്ദേശിച്ചു. ഫലപ്രദമായ മേൽനോട്ട-വിലയിരുത്തൽ സമ്പ്രദായങ്ങളും കെട്ടിപ്പടുക്കേണ്ടതിന്റെ ആവശ്യകതയിൽ അതു് വിരാളന്നു. സ്വാശ്രയടിസ്ഥാനത്തിൽ പരിപാടി നടപ്പാക്കുന്നതിനു് ഫലപ്രദമായ ഒരു മാർഗ്ഗമായി യുവജന-മഹിളാ മണ്ഡലങ്ങളും ഉജ്ജീവിതപ്പെടുത്തണമെന്നു് സമ്മേളനം നിർദ്ദേശിച്ചു.

നാലാം പദ്ധതിക്കാലത്തു് പരിപാടി 1000 ബ്ലോക്കുകളിൽ കൂടി നടപ്പാക്കണമെന്നു് സമ്മേളനം തീരുമാനിച്ചു. ഇതിനു് ബ്ലോക്കുകളും തിരഞ്ഞെടുക്കുമ്പോൾ ഗോത്രവർഗ്ഗവികസന, ബ്ലോക്കുകൾക്കും സാമ്പത്തികമായും പോഷകാഹാരസംബന്ധമായും പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങൾക്കും മൻഗണന നൽകേണ്ടതാണു്.

ഹമ്മദ് സേട്ട് പതാക ഉയർത്തുകയും വൈകുന്നേരം 5 മണിക്കു് ശ്രീ കെ. പി. എം. ഷെരീഫ് ബി. എസ്. സി. ബി. എ. ലിന്റെ അദ്ധ്യക്ഷതയിൽ യോഗം ആരംഭിക്കുകയും ചെയ്തു. പി. എൻ. നമ്പൂതിരി എം. എ. [കേരളസ്റ്റേറ്റ് സ്പോൺസർഷിപ്പ് സെക്രട്ടറി] പി. കെ. ഫിലിപ്പ് എം. എ. കോട്ടയം ജില്ലാ ഇൻഫർമേഷൻ ഓഫീസർ ടി. കെ. സി. വട്ടത്തറ മുതലായവർ പ്രസംഗിച്ചു. രാത്രിയിൽ വിവിധകലാപരിപാടികളും ഉണ്ടായിരുന്നു.

[സ്വ. ലേ]

മൂന്ന് കമ്പനികൾ 165 ലക്ഷം ക. യുടെ ഓഹരി വില്ക്കുന്നു

ന്യൂഡൽഹി, മേയ് 17

മൊത്തം 165 ലക്ഷം ക. യുടെ ഓഹരി വിറ്റ് മൂലധനം സ്വരൂപിക്കാൻ തീരുമാനിച്ചിട്ടുള്ള മൂന്നു കമ്പനികൾക്ക് അനുവാദം നൽകിയിരിക്കുന്നു.

ബോംബെയിലെ സോളിഡ് കണ്ടെയ്നേഴ്സ് ലിമിറ്റഡ്, സീമെൻസ് എൻജിനീയറിംഗ് ആൻഡ് മാനുഫാക്ചറിംഗ് കമ്പനി ലിമിറ്റഡ്, ജയ്പൂരിലെ ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ്.

വിദേശനാണയ നിയന്ത്രണനിയമം ലംഘിച്ച 13 കേസ്സുകൾ

ന്യൂഡൽഹി, മെ 17

വിദേശനാണയനിയന്ത്രണ നിയമം ലംഘിച്ചതു സംബന്ധിച്ച 113 കേസ്സുകളിൽ ഏപ്രിലിൽ വിധി പ്രസ്താവിക്കുകയുണ്ടായി. കുറക്കാരെ മൊത്തം 200780 ക. പിഴയടയ്ക്കുവാൻ ശിക്ഷിച്ചു. 6625 കയുടെ ഇന്ത്യൻ കറൻസിയും കണ്ടുകെട്ടി കേന്ദ്രഗവണ്മെണ്ടിനു മുതൽക്കൂട്ടുകയുണ്ടായി. 135 പവന്റെ വിദേശനാണയം ഇന്ത്യയിലേയ്ക്കുകൊണ്ടുവരുവാൻ ഉത്തരവിടുകയും ചെയ്തു.

....

കേരളാടിസ്ഥാനത്തിൽ സംഗീതമണ്ഡലം മെരിലാൻഡ് കലാമന്ദിരത്തിന്റെ പുതിയ പരിപാടി

കൂക്കഞ്ചേരി, മേ. 18

കൂക്കഞ്ചേരി മെരിലാൻഡ് കലാമന്ദിരത്തിന്റെ ഒരു യോഗം ശ്രീ കലാലയം വക്കിയുടെ അദ്ധ്യക്ഷതയിൽ വെളിയന്നൂരിലുള്ള ബ്രാഞ്ചു് കെട്ടിടത്തിൽവച്ചു കൂടുകയും കലാമന്ദിരത്തിന്റെ അഭിമുഖ്യത്തിൽ കേരളത്തോടു നടത്തിവരാവുള്ള ടൂർ ഡിസ്ട്രിക്ടിലെ കലാസംഘടനകളുടെ സംഗീത മത്സരം 1965 ഡിസംബർ 24-ാംതു നടത്തുവാൻ തീരുമാനിക്കയും 1967 മുതൽ കേരള സംസ്ഥാന അടിസ്ഥാനത്തിൽ സംഗീതമത്സരം നടത്തുവാൻ നിശ്ചയിക്കുകയും ചെയ്തു. സംസ്ഥാനടിസ്ഥാനത്തിൽ നടത്തുന്ന സംഗീത മത്സരത്തിൽ കേരളത്തിലെ കലാസംഘടനകൾ,കോളേജുകൾ, റൈഫിൾക്ലബുകൾ, ക്രിസ്ത്മസ്സ് കരോൾപാട്ടുകൾ, മാറ്റ സ്ഥാപനങ്ങൾ എന്നിവയ്ക്കു പങ്കെടുക്കാവുന്നതാണ്.

മത്സരത്തിൽവിജയിക്കുന്നവർക്കു് സമ്മാനമായി 500 രൂപ വിലപിടിപ്പുള്ള ട്രോഫിയും രണ്ടും മൂന്നും സമ്മാനമായി 250 ക വില പിടിപ്പുള്ള ട്രോഫിയും നൽകുന്നതാണ്. ഈ സമ്മാനങ്ങൾ ശ്രീ കലാലയം വക്കിയുടെ വകയായി കലാമന്ദിരത്തിനു നൽകുന്നതായിരിക്കും. ഇപ്പോൾ കലാമന്ദിരം നടത്തിവരുന്ന ഡിസ്ട്രിക്ട് മത്സരത്തിൽ വിജയിക്കുന്നവർക്കുള്ള ട്രോഫിയും 250 ക യോളം വരുന്ന സമ്മാനങ്ങളും കൊല്ലം തോറും നൽകുന്നതു് ശ്രീ കലാലയം വക്കിയാണു്. 1967 മുതൽ ഇതു് മൈസൂർ സംസ്ഥാനത്തിനുകൂടി ബാധകമാക്കുന്നതാണ്.

ഏഴുവർഷക്കാലമായി പ്രശസ്തമായ ഈ പത്തിൽ നടത്തിവരുന്ന ഈ സ്ഥാപനത്തിനു് പല പ്രാവശ്യം അപേക്ഷിച്ചിട്ടും ഇവിടത്തെ സംഗീത നാടക അക്കാദമി യാതൊരുവിധധനസഹായവുംനൽകിയില്ലെന്ന മാത്രമല്ലഈ സ്ഥാപനത്തെ സംബന്ധിച്ചു് ഒരു അന്വേഷണം പോലും നടത്തിയില്ലെന്നതിൽ യോഗം ഖേദം പ്രകടിപ്പിച്ചു.

(സ്വ. ലേ)

പാക് വ്യോമാതിർത്തി ലംഘനത്തിൽ പ്രതിഷേധം

[പി. ടി. ഐ.] ന്യൂഡൽഹി, മേ. 18

മേയ് 9-ാംതിയതി പാകിസ്ഥാനി വിമാനം ഇന്ത്യൻ വ്യോമാതിർത്തിയിൽ നടത്തിയ പ്രകോപനപരമായ ലംഘനത്തിനെതിരായി ഇന്ത്യാ ഗവണ്മെൻറ് പാകിസ്ഥാനോടു് ശക്തിയായി പ്രതിഷേധിച്ചിരിക്കുന്നു.

ഇത്തരം അതിർത്തിലംഘനം ഉണ്ടാകാതിരിക്കുന്നതിനുള്ള നടപടികളെടുക്കുവാൻ പാക് ഗവർമെണ്ടിനോടു് ആവശ്യപ്പെട്ടുകൊണ്ടുള്ള പ്രതിഷേധക്കുറിപ്പു് മേയ് 13-ാംതിയതി പാക്ക് ഹൈക്കമ്മീഷണറെ ഏല്പിച്ചു.

—൦—

തുക്കിലിട്ടു

[റോയിട്ടർ] ഡമാസ്കസ്, മേ. 18

സിറിയായിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന ഒരു ചാരവൃത്തിയുടെ നേതാവായ എലികോപിനെ ഇന്നു പരസ്യമായി തൂക്കിലിട്ടിരിക്കുന്നു.

മർജാ സ്ക്വയറിൽവെച്ചാണു് തൂക്കികൊലനടന്നതു്. കോഹന് 20 വയസ്സു് പ്രായമുണ്ടു്.

കൊലമരത്തിൽതൂങ്ങിക്കിടന്ന കയർ കണ്ടപ്പോൾ കോഹൻ അവശത അനുഭവപ്പെട്ടു. ആരാച്ചാർ കോഹനെ ഒരു കസേരയിൽ കയറിനിന്നി കയറിന്റെ കുടുക്ക് ശരിക്ക് കഴുത്തിലിട്ടുകൊടുത്തു.

കോഹന്റെ മൃതദേഹം 6 മണിക്കൂർ നേരം പരസ്യമായി തൂങ്ങിനിന്നു. കോടതിവിധിയും മൃതദേഹത്തിൽ തൂങ്ങികിടപ്പുണ്ടായിരുന്നു.

.....

അപേക്ഷ ക്ഷണിക്കുന്നു

[സ്വ. പ്ര.] തൃശൂർ മെയ് 18

തൃശൂരിലെ ഒരു പ്രമുഖ ഔഷധിഷ്ഠഗവർണായ ഡോ. വക്കൻസൺ തന്റെ പരേതയായ മാതാവിന്റെ ബഹുമാനാർത്ഥം, കേരളത്തിലെ ഏറ്റവും കൂടുതൽ സന്താനങ്ങളുള്ള ഏറ്റവും ദരിദ്രയായ മാതാവിനു് ഏർപ്പെടുത്തിയിട്ടുള്ള 50 ക. യുടെ അവാർഡ് ഇക്കൊല്ലവും നല്കുന്നതാണു്.

അർഹതയുണ്ടെന്നു കരുതുന്ന മാതാക്കൾ തങ്ങളുടെ അപേക്ഷകൾ ഡോ. വക്കൻസൺ, ആവേ മരിയാ ഡെന്റൽ ക്ലിനിക്ക്, പോസ്റ്റാഫീസ് റോഡ്, തൃശൂർ എന്ന വിലാസത്തിൽ മെയ് 30-ാംതുക്കകം കിട്ടത്തക്കവിധം അയച്ചിരിക്കേണ്ടതാണു്.

....

55 പേരുടെ പേരുകൾ പുറത്താക്കി

ഗുജറാറ്-സിന്ധ് അതിർത്തിസംഘട്ടനത്തിൽ കൊല്ലപ്പെട്ടവരും കണാതായവരും പരിക്കേറ്റവരും

(പി ടി ഐ) ന്യൂഡൽഹി, മേ. 18

ഗുജറാറ്-സിന്ധ് അതിർത്തിയിൽ നടന്ന ഇന്തോ-പാക് സംഘട്ടനത്തിൽ കൊല്ലപ്പെട്ടുകയോ, കാണാതാവുകയോ, മുറിവേൽക്കുകയോ ചെയ്തവരെന്നു റിപ്പോർട്ടു ചെയ്യപ്പെടുന്ന, സൈന്യത്തിലും പോലീസിലും പെട്ട 55 പേരുടെ പേരുകൾ പ്രതിരോധമന്ത്രി കാര്യാലയം ഇന്നു് വിജ്ഞാപനം ചെയ്തിരിക്കുന്നു.

1965 മെയ് 11 വരെ സൈനിക വിഭാഗത്തിൽ കൊല്ലപ്പെട്ടവർ—

നായിക് താരാസിങ്ങ്, സാപ്പർ രാവു സാഹിബ് മൊഹോട്, ലാൻസ് നായിക് ബൽബീർസിങ്ങ് നേഗി, പാരട്രൂപ്പർ മലാക് സിങ്ങ് നേഗി, നാഗിന്ദർസിങ്ങ്, കിർപാൽസിങ്ങ്, ഹിരാ ഗൈയ്ക്വാർഡ്.

പരിക്കേറ്റവർ

മേജർ ഐ. ജെ. കുമാർ, മേജർ ജെ. ബി. ഖൊറാനാ, സുബേദാർ ഉദൈഭീർ സിങ്ങ്. നായിക് സിദ്ധാത്തൻ, നായിക് സി. ആർ. ഗണ്ണർ ബസ്വന്നപ്പാ, ഗണ്ണർ ഗംഗപ്പാസിനോ, നായിക് ശങ്കർസിങ്ങ്, സിഗ്നൽമാൻ എം. സുഖ്ദേവ്, നായിക് ഷേർസിങ്ങ്, സാപ്പർ ഭാലിപ്സിങ്ങ്, സാപ്പർ ഗോരാ ഖാൻ, സാപ്പർ ഗുരുദേവ് സിങ്ങ്, പാരട്രൂപ്പർ മദൻ സിങ്ങ്, പാരട്രൂപ്പർ ജീവൻസിങ്ങ്, നായിക് മുരത്സിങ്ങ്രാവത്, പാരട്രൂപ്പർ ദേവ്സിങ്ങ്, പാരട്രൂപ്പർ ജുല്ലാറാംബന്ദാരി, പാരട്രൂപ്പർ മദൻസിങ്ങ് ഗുസ്സയിൻ, പാരട്രൂപ്പർ ഭീറാവു ഹനുമന്തെ, നാരായൺ പലാനെ. ശ്യംസിങ്ങ്, സൊനാൽഹത്, വസന്ത്കംലേ, രാംചന്ദ്രപൊനാസ്ഗി, ബാബൻഗെയ്ക്വാഡ്, ഡ്രൈവർ പരാപ്നാഥ്, ലാൻസ്നായ്ക് നാമാവുസിങ്ങ്, ക്ലാഫ്റ്റർസ്മാൻ താക്കർസിങ്ങ്.

കാണാതായവർ

ലെഫ്. ഇന്ദ്രജിത്ശർമ്മ, ലാൻസ് നായിക് നവേന്ദ്രജെ ഗ്രുംഗ്, ലാൻസ്നായിക് ജഗ്ബഹദൂർ ഗർഭുങ്ങ്, പാരട്രൂപ്പർ ധോർജിഷെർപ്പാ, പരട്രൂപ്പർ പ്രതാപ്സിങ്ങ്, പാരട്രൂപ്പർ കല്യാൺസിങ്ങ്, പാരട്രൂപ്പർ തിക്കാറാം, പാരട്രൂപ്പർ ഭവൻസിങ്ങ്, സുദൻകാസാവേ, ജയ്സിങ്ങ്കാംലേ, കൈലാസ്ചന്ദ്ര, ലെക്ക്രാജ്, കേളാറാം, സപാമിക്കണ്ണ്, ആഷാസിങ്ങ്, ഷിവലാൽ

പോലീസ് വിഭാഗത്തിൽ

കൊല്ലപ്പെട്ടവർ

ഹെഡ്കോൺസ്റ്റബിൾ ജി. ഡി. ബോൺസലേ, കോൺ. പി. വി. കോംലേ,ഹെഡ്കോൺ. എസ്. ജിസലൂങ്ക

കാണാതായവർ

കോൺ. ഭക്താംസത്.

പരിക്കേറ്റവർ

ജമേദാർ വൈ. പി. യാദവ്, നായിക് ശ്രീപത്കൽഗ്രഡേ, കോൺ. ലാൽചന്ദ് ജോഡ്ജ്, കോൺ. രാമൻലാൽ ജെ. ത്രിവേദി, കോൺ. കാജി ജഗാജി, കോൺ. ജവഹർസിങ്ങ്.

കേന്ദ്രറിസർവ്വ് പോലീസ് വിഭാഗത്തിൽ കൊല്ലപ്പെട്ടവർ

നായിക് കിഷോർസിങ്ങ്, കോൺ. ഗിയാൻചന്ദ്, കോൺ. ഷാംഷെർസിങ്ങ്, കോൺ. ഹട്ടൂറാം, കോൺ. സിധ്ർ പർധാൻ

കാണാതായവർ

മേജർ കർണൻസിങ്ങ്, ജമേദാർ ബൽദേവ്സിങ്ങ്, നായിക് സാമുവൽഗണേശ്, കോൺ. ഡി. സോമനാഥൻ നായർ, കോൺ. ബലദേവ്പ്രസാദ്, കോൺ. രിച്ച്പാൽസിങ്ങ്, കോൺ. കിഷൻസിങ്ങ്, കോൺ. പാണ്ഡുരംഗ് കോൺ. സുഖ്ബീർസിങ്ങ്, കോൺ. കാഡ്രിനാരായണൻ, കോൺ. ഭാനുദിത്, ഹോളോവർ രാംകിഷൻ, ഹോളോവർ ശിവസിങ്ങ്, ഹോളോവർ ശാന്താറാം, ഹോളോവർ രത്തൻസിങ്ങ്,

അരിമ്പൂർ സർവ്വീസ് സഹകരണസംഘത്തിനു് ഫോൺ കണക്ഷൻ

തൃശ്ശൂർ, മേ. 18

അരിമ്പൂർ സർവ്വീസ് സഹകരണസംഘത്തിനു് പുതിയ ഫോൺ കണക്ഷൻ ലഭിച്ചിരിക്കുന്നു സംഘം സിക്രട്ടറി ശ്രീ. സിജെ. ജോൺ "തൊഴിലാളി"കാഫീസുമായി ബന്ധപ്പെടുത്തിക്കൊണ്ടാണു് ഫോണിന്റെ ഉൽഘാടനം നിർവ്വഹിച്ച